# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ജൂലൈ 3 | ദീപം 58 | നാളം 17 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




ഫാ. ഡോ. തോമസ് വടക്കേൽ



ദുക്റാന: ശ്രേഷ്ഠമായ ഓർമകളുടെ തിരുനാൾ

# വിശ്വാസധീരതയുടെ തോമാമാർഗം

'തോറാന' എന്നു ഗ്രാമ്യഭാഷയിൽ വിളിക്കുന്ന ദുക്റാനത്തിരുനാൾ ഓർമയുടെ ദിവസമാണ്. ഭാരതത്തിന്റെ അപ്പസ്തോലനും പിതാവുമായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മദിനം. മാർത്തോമാ നസ്രാണികളായ നമുക്ക് ദുക്റാന (ഓർമ്മ) പിതൃദിനവും സഭാദിനവുമാണ്. തോമാശ്ലീഹാ പകർന്നു നല്കിയ വിശ്വാസചൈതന്യത്തിൽ ജീവിക്കുന്ന സഭാമക്കൾക്ക് ദുക്റാനത്തിരുനാൾ വിശ്വാസപ്രഖ്യാപനത്തിന്റെ ദിനംകൂടിയാണ്.

എല്ലാ തിരുനാളുകളും 'ഓർമ്മ'ദിനങ്ങളാണ്, ദുക്റാനയാണ്. എന്നാൽ, മാർത്തോമാനസ്രാണികൾക്കിടയിൽ വിശ്വാസത്തിൽ തങ്ങൾക്കു പിതാവും ശ്രേഷ്ഠമാതൃകയുമായ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വദിനത്തെ (ജൂലൈ 3) ഓർമ്മ എന്നർഥം വരുന്ന ദുക്റാന എന്ന പൊതുനാമം നല്കി ആഘോഷിക്കാൻ കാരണം ഈ വിശുദ്ധനെക്കുറിച്ചുള്ള ശ്രേഷ്ഠമായ ഓർമകളാണ്.

മാർത്തോമാശ്ലീഹായെക്കുറിച്ചുള്ള മനോഹരമായ മൂന്ന് ഓർമ്മകൾ വിശുദ്ധഗ്രന്ഥത്തിൽ യോഹന്നാൻസുവിശേഷകൻ കുറിച്ചുവച്ചിട്ടുണ്ട്. ആ ഓർമ്മക്കുറിപ്പുകൾ തോമാശ്ലാഹായുടെ വ്യക്തിത്വത്തെയും, ജീവിതനിലപാടുകളെയും, ശൈലിയെയും വരച്ചുകാട്ടുന്നവയാണ്. മാർത്തോമാ ആധ്യാത്മികതയുടെ വിവരണവും അദ്ദേഹത്തിന്റെ ആത്മീയവഴിയുടെ പ്രകാശനവുമാണ് ഈ വചനഭാഗങ്ങൾ (യോഹ. 11:1–16; 14:1–14; 20: 24–29).

**കൂടെ ചരിക്കാനാഗ്രഹിക്കുന്ന തോമാശ്ലീഹാ:** ദൈവം സഹായിക്കുന്നവൻ (he whom God helps) എന്ന് പേരിനർത്ഥമുള്ള ലാസറിന്റെ (എലെയാസർ) രോഗമരണവിവരണഭാഗത്തിന്റെ (യോഹ. 11:1–16) അവസാനം നമുക്ക് അവന്റെ (ലാസറിന്റെ) അടുത്തേക്കു പോകാം (11:!5) എന്ന് ഈശോ പറയുമ്പോൾ, തന്റെ സഹശിഷ്യന്മാരോടു തോമാ പറയുന്നത് 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം' (11:16) എന്നാണ്. ഒരു വിളിപ്പാടകലെ മരണം പതിയിരിക്കുന്നുവെന്നു മനസ്സിലാക്കിയിട്ടും യാതൊരു ഭാവഭേദവും കൂടാതെതന്നെ വിളിച്ചവന്റെകൂടെ ഏതു പ്രതിസന്ധിയിലും ഒപ്പം സഞ്ചരിക്കാമെന്ന് ഉറക്കെ വിളിച്ചു പറഞ്ഞവനാണ് തോമാ. 'മരിക്കുക, ഇല്ലാതായ്ത്തീരുക' (to die, to expire) എന്നർഥമുള്ള ഗ്രീക്ക്ഭാഷയിലെ അപ്പോത്നെസ്കോ (apothnesko) എന്ന വാക്ക് ഇവിടെ സൂചിപ്പിക്കുന്നത് ശാരീരികമായ മരണവും ഇല്ലാതാകലുമാണ്. ഈശോയ്ക്കുവേണ്ടി മരിക്കാനും, ഇല്ലാതായിത്തീരുവാനുമുള്ള ധീരതയാണ് തോമായുടെ വാക്കുകളിൽ സ്ഫുരിക്കുന്നത്.

ഈശോയുടെ വാക്കുകളോട് ശിഷ്യന്മാരിൽ ഒരുവൻമാത്രമാണ് പ്രത്യുത്തരിക്കുന്നത്. തനിമയുള്ളതും ഉറച്ചതുമായ നിലപാടിന്റെ സ്വരമാണിത്. യഹൂദർ ഈശോയെ കല്ലെറിയാൻ ഒരുങ്ങിയിരിക്കുന്നുവെന്നു കേൾക്കുമ്പോൾ (11:8) കല്ലേറു സ്വീകരിക്കാൻ താനും തയ്യാറാണെന്നു പറയുന്ന, അവിടുത്തേക്കുവേണ്ടി സ്വജീവൻ സമർപ്പിക്കാൻ ത്യാജ്യഗ്രാഹ്യശേഷി കൈമുതലാക്കിയവനായിരുന്നു നമ്മുടെ തോമാശ്ലീഹാ. അവനോടുകൂടെ (With Him) എന്നർഥം വരുന്ന മെത്ത് അവുത്തു(met autou) എന്ന തോമായുടെ പ്രയോഗം ഈശോയുടെകൂടെ യാത്ര ചെയ്യാനുള്ള അവന്റെ മനോഭാവത്തെയാണു പ്രതിഫലിപ്പിക്കുന്നത്. ഈശോ ഒരിക്കലും തനിക്കു നഷ്ടപ്പെടരുത് എന്ന് ആഗ്രഹിച്ചവനാണ് തോമാ. ഈശോയില്ലാതെ, അവിടുത്തെ കൂടാതെ, തനിക്കൊരു ജീവിതവും അസ്തിത്വവും ഇല്ലായെന്നുള്ള ബോധ്യത്തിൽനിന്നുള്ള പ്രതികരണവുമാണിത്. തോമാശ്ലീഹാ പഠിപ്പിക്കുന്ന വലിയൊരു ആത്മീയസത്യമുണ്ട്: ഈശോയെ കൂടാതെ ജീവിക്കുന്നതിലും നല്ലത് അവിടുത്തോടൊപ്പം മരിക്കുന്നതാണ്.

ഒരു പ്രവാചകന്റെ ധീരതയോടെയാണ് തോമാ ഇവിടെ സംസാരിക്കുന്നത്. തന്റെകൂടെ വിളിക്കപ്പെട്ടവരിലാർക്കും ഈശോ നഷ്ടപ്പെടരുതെന്നുള്ള ഉറച്ച ചിന്തയിൽനിന്നുമാണ് എല്ലാവരോടുമായി തോമാ ഈ ആഹ്വാനം നടത്തുന്നത്. നമുക്കു പോകാം (let us go) എന്നർഥം വരുന്ന അഗോമെൻ(agomen) എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈശോ വിളിച്ച ശിഷ്യന്മാരെല്ലാവരും ഒന്നിച്ചുണ്ടായിരിക്കണം, അനുയാത്ര ചെയ്യണം (accompany) എന്ന ധീരശബ്ദമായിരുന്നു തോമായുടേത്. പ്രതിസന്ധികളിൽ ശിഷ്യഗണങ്ങളിലാരും നഷ്ടപ്പെടാൻ പാടില്ലായെന്ന നിർബന്ധബുദ്ധിയുടെ, സാഹോദര്യകാഴ്ചപ്പാടിന്റെ ആഹ്വാനമാണിത്. ശിഷ്യന്മാരുടെയിടയിലെ കൂട്ടായ്മയെ വളർത്തുന്ന, പരിപോഷിപ്പിക്കുന്ന ഐക്യത്തിന്റെ വക്താവാണ് തോമാ. മാർത്തോമ്മാശ്ലീഹായുടെ മക്കളാരും ചിതറിക്കപ്പെടാൻ പാടില്ല; മറിച്ച്, ഒരുമിച്ച് ഒരേ ലക്ഷ്യത്തിലേക്കു നീങ്ങേണ്ടവരാണെന്ന് തോമായുടെ ഈ വാക്കുകൾ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

**വക്രതയില്ലാത്ത ശുദ്ധമാനസനായ തോമാശ്ലീഹാ:** അന്ത്യത്താഴത്തിന്റെ പൊതുപശ്ചാത്തലത്തിൽ (യോഹ. 14:17) ഈശോ തന്റെ വേർപാടിനെക്കുറിച്ചു സംസാരിക്കുമ്പോൾ (യോഹ. 14: 1–14) തോമാ ചോദിക്കുന്ന ലളിതമായ ചോദ്യം അവന്റെ വ്യക്തിത്വത്തെ എടുത്തു കാണിക്കുന്നതാണ്:

►05

# അധ്യാപകർ ദുർബലരായാൽ



ഡോ. ഷിബു ജോർജ് ആനത്താരയ്ക്കൽ



വിവിധ മാധ്യമങ്ങളിൽ വരുന്ന പല വാർത്തകളും വായിക്കുമ്പോൾ മനഃസാക്ഷി മരവിക്കാത്ത, ധാർമികതയെ മുറുകെപ്പിടിക്കുന്ന ഒരു സമൂഹത്തിൽ നിന്നുയരുന്ന ചോദ്യമിതാണ്: 'ഈ തലമുറയിലെ വിദ്യാർഥികൾക്കും ചെറുപ്പക്കാർക്കും എന്തുപറ്റി?' എന്തെന്നാൽ, യുവാക്കളുടെയിടയിൽ, മദ്യ-മയക്കുമരുന്നുപയോഗവും കൊലപാതകങ്ങളും മറ്റും മുമ്പെങ്ങുമില്ലാത്തവിധം വർധിച്ചിരിക്കുന്നു. ഏതുവിധേനയും സമ്പത്തു കൈവശമാക്കാൻ എന്തു പ്രവൃത്തിയും ചെയ്യാമെന്ന അവസ്ഥ.

ഏതാനും വർഷം മുമ്പുവരെ സാമൂഹികതിന്മകളിലും ക്രിമിനൽപ്രവർത്തനങ്ങളിലും വിദ്യാർഥികളുടെയും യുവാക്കളുടെയും പങ്കാളിത്തം വളരെ കുറവായിരുന്നു; പ്രത്യേകിച്ചും കേരളത്തിൽ. എന്നാൽ, കുറച്ചുകാലമായി നമ്മുടെ ഇളംതലമുറയിൽ അത്ര ആശാസ്യമല്ലാത്ത ജീവിതരീതിയും മനോഭാവവും വളർന്നുകൊണ്ടിരിക്കുന്നു. ഇതിനു കാരണം, നമ്മുടെ പൊതുവിദ്യാഭ്യാസ 'സിലബസിന്റെ' കുഴപ്പമോ അധ്യാപകർ അറിവു പകർന്നു നല്കുന്നതിൽ പിറകോട്ടു പോയതോ അല്ല; മറിച്ച്, മൂല്യബോധം പകർന്നു നല്കുന്ന പ്രക്രിയ വിദ്യാഭ്യാസരംഗത്തു കാര്യക്ഷമമല്ലാതായിരിക്കുന്നു.

സ്വയം തിരിച്ചറിയാനും മറ്റുള്ളവരെ അവർ ആയിരിക്കുന്ന അവസ്ഥയിൽ ഉൾക്കൊള്ളാനും, ഒപ്പം 'സമൂഹം' എന്ന കൂട്ടായ്മയുടെ ധാർമികചട്ടക്കൂടിനുള്ളിൽനിന്നുകൊണ്ടു ജീവിക്കാനും ഒരു വിദ്യാർഥിയെ പ്രാപ്തനാക്കുന്ന പ്രക്രിയയ്ക്കാണ് ധാർമികവിദ്യാഭ്യാസം അഥവാ മൂല്യാധിഷ്ഠിതവിദ്യാഭ്യാസം എന്നു പറയുന്നത്. അത്തരത്തിൽ താൻ അംഗമായിരിക്കുന്ന സമൂഹത്തെയും അതിന്റെ സംസ്കാരത്തെയും ഉൾക്കൊണ്ട് വളർന്നുവരുന്ന ഒരു വിദ്യാർഥി എല്ലാവരാലും ഇഷ്ടപ്പെടുന്ന വ്യക്തിത്വമായി മാറിയിരിക്കും. ഒപ്പം അക്കാദമികമേഖലയിലെ അറിവുകൂടിനേടിയാൽ, ജോലിസമ്പാദനത്തിൽ ഒരിക്കലും പിന്നോട്ടുപോകില്ല. കാരണം, മൂല്യബോധവും അറിവും നേടിയ ഒരു വ്യക്തി സ്ഥിരോത്സാഹിയും കഠിനാദ്ധ്വാനിയും ആയിരിക്കുമെന്നുറപ്പ്. അപ്പോൾ സാമ്പത്തികഭദ്രത താനേ വന്നുകൊള്ളും. ഇതിനു വ്യക്തമായ ഉദാഹരണമാണ് ജപ്പാൻജനതയുടെ വിദ്യാഭ്യാസരീതി. പ്രൈമറിക്ലാസ്സ് മുതൽ പൊതുവിജ്ഞാനവും ശാസ്ത്രീയമായ അറിവും പഠിപ്പിക്കുന്നതിനൊപ്പം മൂല്യബോധവും രാഷ്ട്രബോധവും വളർത്തിയെടുക്കുന്നതരത്തിലാണ് അവരുടെ സിലബസ് ക്രമീകരിച്ചിട്ടുള്ളത്. ശാസ്ത്ര, സാങ്കേതിക, പരിസ്ഥിതിമേഖലകളിൽ മികച്ച പരിശീലനം നേടിയവരാണെങ്കിൽക്കൂടിയും അവിടെ ഓരോ വിദ്യാർഥിയും പരസ്പരം ബഹുമാനിക്കുന്നവരും മുതിർന്നവരെ ആദരിക്കുന്നവരും, രാഷ്ട്രപുരോഗതിയിൽ നിർണായകപങ്കാളികളാകാൻ പ്രാപ്തരുമാണ്.

ഭാരതത്തിലെ വിദ്യാഭ്യാസപ്രക്രിയയിൽ മൂല്യബോധനത്തിനു വ്യക്തമായ പ്രാധാന്യം നല്കിയിരുന്നതായി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെയാണ് മറ്റു രാജ്യങ്ങളെക്കാൾ മാതൃകാപരമായ 'കുടുംബവും സമൂഹവും' എന്ന കാഴ്ചപ്പാട് വളർത്തി 'നാനാത്വത്തിൽ ഏകത്വം' എന്ന വിശാലചിന്താഗതിയിലൂടെ എല്ലാവരെയും തുല്യരായി കാണാനും ഉൾക്കൊള്ളാനും കഴിയുന്ന ഒരു സമൂഹമായി ഭാരതീയർ മാറിയത്.

പക്ഷേ, ഇന്ന് സ്ഥിതി അങ്ങനെയല്ല എന്നു പറയാതെ വയ്യ. നാനാത്വത്തിൽ ഏകത്വം എന്ന വിശാലകാഴ്ചപ്പാടിന് വിള്ളൽ വീണിരിക്കുന്നു. അതിനു കാരണം ശാസ്ത്ര-സാമ്പത്തിക വിദ്യാഭ്യാസത്തിനു മാത്രം ഊന്നൽ നൽകി വിദ്യാഭ്യാസപ്രക്രിയയെ ബോധപൂർവം വളർത്തിയെടുത്തു എന്നതാണ്.

മൂല്യബോധനം വിദ്യാഭ്യാസപ്രക്രിയയിൽ ഇപ്പോൾ അന്യംനിന്നിരിക്കുന്നു. അതിന്റെ പരിണതഫലമാണ് ഇന്ന് സമൂഹത്തിൽ ഭയാനകമായ രീതിയിൽ വർദ്ധിച്ചുവരുന്ന അക്രമസംഭവങ്ങളും കൊലപാതകങ്ങളും.

എന്താണ് നമ്മുടെ പുതിയ തലമുറയ്ക്കു സംഭവിക്കുന്നത്? സാമൂഹികതിന്മകളും ക്രൂരതകളും ചെയ്യുന്നവരിൽ മിക്കവരും ഉയർന്ന ഡിഗ്രികൾ കരസ്ഥമാക്കിയവരോ അല്ലെങ്കിൽ അത്തരം കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്നവരോ ആണ്. അക്കാദമിക കാര്യങ്ങളിൽ മിടുക്കരായ അധ്യാപകരുള്ള ഒരു നാടാണ് നമ്മുടേത്. ഒരു പക്ഷേ, വിദ്യാർഥികളുടെ സാങ്കേതികവിദ്യയിലുള്ള അറിവ് ഇന്ന് അധ്യാപകരേക്കാൾ കൂടുതലാണ് എന്നതും ഒരു വസ്തുതയാണ്. എന്നിട്ടും നമ്മുടെ പുതിയ തലമുറയ്ക്ക് ശാസ്ത്ര-സാങ്കേതികതലങ്ങൾക്കും അപ്പുറമുള്ള 'കുടുംബവും സമൂഹവും' എന്ന അടിസ്ഥാനകാഴ്ചപ്പാട് ഇല്ലാതാവുന്നുണ്ടെങ്കിൽ അതിന് ഒരു ഉത്തരമേ ചൂണ്ടിക്കാണിക്കാനുള്ളൂ - മൂല്യബോധം വളർത്തുന്ന വിദ്യാഭ്യാസത്തിന്റെ കുറവ്. ഈ കുറവ് നികത്താൻ ഈ കാലഘട്ടത്തിൽ അധ്യാപകർക്കു മാത്രമേ സാധിക്കൂ.

ഒരു കാലത്ത് മൂല്യബോധം മക്കൾക്കു പകർന്നുനൽകാൻ മാതാപിതാക്കന്മാർക്കു സാധിച്ചിരുന്നു. ഇന്ന് ഡിജിറ്റൽയുഗത്തിൽ വളരുന്ന മക്കളെ ഒന്നു ശാസിക്കാൻപോലും കഴിയാത്ത ഗതികേടിലാണ് മിക്ക മാതാപിതാക്കളും. ഇക്കാര്യത്തിൽ അധ്യാപകരുടെ അവസ്ഥയും തഥൈവ! അക്കാദമിക വിഷയങ്ങൾക്കുമപ്പുറം മൂല്യബോധവുമായി ബന്ധപ്പെട്ട് ഒരു അധ്യാപകൻ കുട്ടിയെ പഠിപ്പിക്കാൻ ശ്രമിച്ചാൽ, അഥവാ കുട്ടിയുടെ തെറ്റു തിരുത്താൻ ശ്രമിച്ചാൽ, നിയമസംവിധാനങ്ങളുടെയോ അല്ലെങ്കിൽ രാഷ്ട്രീയഇടപെടലുകളുടെയോ കുരുക്കിൽപ്പെടും എന്നതും ഒരു യാഥാർഥ്യമാണ്.

താൻ പഠിപ്പിക്കുന്ന വിഷയത്തിനപ്പുറം നിന്നുകൊണ്ട് വിദ്യാർഥികൾക്കു മൂല്യബോധം പകർന്നുനൽകാൻ തയ്യാറാകുന്ന പുതിയ തലമുറ അധ്യാപകരുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. പകരം വിദ്യാർഥികളുടെ 'വൈബിനനുസരിച്ച്' അവരെ പരമാവധി സന്തോഷിപ്പിക്കാൻ മിക്ക അധ്യാപകരും ശ്രമിക്കുമ്പോൾ, മൂല്യബോധനപ്രക്രിയ തങ്ങളുടെ കടമയാണെന്നത് അത്തരം അധ്യാപകർ മറന്നുപോകുന്നു.

ഈ അടുത്തകാലത്തായി അധ്യാപകരുടെ റോൾ വീണ്ടും പൊതുസമൂഹം ചർച്ചചെയ്യാൻ തുടങ്ങിയിരിക്കുന്നു എന്നത് ആശാസകരമാണ്. അതിന് ഒടുവിലത്തെ ഉദാഹരണമാണ് കോടതിയുടെ ചില നിരീക്ഷണങ്ങൾ. എന്തിനും ഏതിനും അധ്യാപകർക്കെതിരേ കേസെടുക്കാൻ പാടില്ലായെന്നും, പരാതിയുടെ നിജസ്ഥിതി മനസ്സിലാക്കിയും ഒപ്പം അധ്യാപകന്റെ വിശദീകരണം കേട്ടു മാത്രമേ പൊലീസ് നിയമനടപടികളുമായി മുന്നോട്ടു പോകാവൂ എന്നുമുള്ള കോടതിയുടെ നിരീക്ഷണം അധ്യാപകർക്ക് ആത്മവിശ്വാസം നൽകുന്ന ഒന്നാണ്. അതുപോലെ അധ്യാപകരുടെ കൈയിൽ 'ഒരു വടി കരുതുന്നതിൽ തെറ്റില്ല' എന്ന മറ്റൊരു കോടതിയുടെ നിരീക്ഷണവും ഏറെ ശ്രദ്ധേയമാണ്.

അധ്യാപകരുടെ പ്രവർത്തനങ്ങളിൽ, പിന്തിരിപ്പൻ ഇടപെടലുകൾ സമൂഹത്തിന്റെയും വിവിധ സംഘടനകളുടെയും ഭാഗത്തുനിന്നുമുണ്ടായതിന്റെ പരിണതഫലമാണ് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു സാമൂഹികതിന്മകളുടെയും വർധിച്ച വ്യാപനം. അതിന്റെ പരിണതഫലമനുഭവിക്കുന്നതാകട്ടെ, കുടുംബങ്ങളും ഒപ്പം പൊതുസമൂഹവും!

അധ്യാപകരിലൂടെ മാത്രമേ വിദ്യാർഥികൾക്ക് മൂല്യങ്ങൾ പകർന്നു നല്കാൻ സാധിക്കൂ എന്ന വസ്തുത കണ്ടില്ലെന്നു നടിക്കരുത്. കുട്ടികൾക്കു മൂല്യബോധം നൽകുന്ന കാര്യത്തിൽ അധ്യാപകർ ദുർബലരായി മാറിയിരിക്കുന്നുവെന്നത് ഒരു പരിധിവരെ ശരിയാണെങ്കിലും, കോടതിയുടെ പുതിയ നിരീക്ഷണങ്ങൾ ധാരാളം അധ്യാപകർക്ക് ആത്മവിശ്വാസവും ധൈര്യവും നൽകിയിട്ടുണ്ട് എന്നത് ഏറെ പ്രതീക്ഷ നൽകുന്ന കാര്യമാണ്.

മൂല്യബോധമുള്ള ഒരു സമൂഹം ഉണ്ടെങ്കിലേ 'അധ്യാപനം' എന്ന പ്രഫഷൻ ആത്മാഭിമാനത്തോടെ നിർവഹിക്കാനാകൂ എന്ന് ഇനിയും അധ്യാപകസമൂഹം മറന്നുകൂടാ. ഒപ്പം ഈ കാലഘട്ടത്തിൽ തങ്ങളുടെ മക്കളുടെ സ്വഭാവരൂപവത്കരണത്തിൽ കാതലായ ഇടപെടലുകൾ നടത്താൻ മറ്റാരെക്കാളും അധ്യാപകർക്കേ സാധിക്കൂ എന്ന് മാതാപിതാക്കന്മാരും സമൂഹവും തിരിച്ചറിയണം. അധ്യാപകരിൽ കൂടുതൽ വിശ്വാസമർപ്പിക്കേണ്ടത് ഈ നാടിന്റെ ആവശ്യമായി മാറിയിരിക്കുന്നു.

*(ലേഖകൻ എടത്വാ സെന്റ് അലോഷ്യസ് കോളജ്, അസോസിയേറ്റ് പ്രഫസറും സുവോളജിവകുപ്പ് തലവനുമാണ്)*

# വായിക്കൂ... വായിക്കൂ വാർധക്യം അകലെയാണ്



എസ്.ബി. പണിക്കർ

ഇന്ത്യയിൽ ഒൻപതിൽ ഒരാൾ വൃദ്ധനാണ്. കേരളത്തിൽ പതിനൊന്നു ശതമാനം വരും വയോജനങ്ങൾ. എന്നാൽ, ജപ്പാനിൽ 30 ശതമാനം വരും ഇവർ. റഷ്യയുടെ കിഴക്കും ജപ്പാനിലും മറ്റും ശതായുസ്സുകൾ ആയിരക്കണക്കിനുണ്ട്. അതിന് അവരുടെ ജീവിതശൈലി മുഖ്യമായ ഒരു കാരണമാണ്.

മിക്കവാറും വയോജനങ്ങളെ മറവിരോഗം പിടികൂടുന്നു. അൾഷിമർ കണ്ടുപിടിച്ചതുകൊണ്ട് അൾഷിമേഴ്സ് രോഗം എന്നും ഇതിനെ വിളിക്കുന്നു. മറവിരോഗം ബാധിച്ച ഒരു വ്യക്തിയെ തന്മാത്ര എന്ന ചലച്ചിത്രത്തിൽ ലാൽ അവതരിപ്പിക്കുന്നുണ്ട്.

കടുത്ത അൾഷിമേഴ്സ് രോഗികൾ ചെയ്യുന്നതെന്താണെന്ന് അവർ അറിയുന്നില്ല. അവർ സഞ്ചരിക്കുന്ന ഒരു മാംസപിണ്ഡം എന്നു പറയാം. ഈ രോഗം ബാധിച്ചാൽ രോഗി മാത്രമല്ല, കുടുംബങ്ങളും കഷ്ടപ്പെടും. ഒരു വാരികയിൽ ഈ രോഗത്തെക്കുറിച്ച് പ്രസിദ്ധ ഡോക്ടർ എഴുതിയ ചില വസ്തുതകൾ ശ്രദ്ധിക്കാം: ധാരാളമായി കാണാതെ പഠിക്കുന്നവർക്ക് ഡിമെൻഷ്യ വരില്ലെന്നാണ് അനുഭവം. സപ്തതിയും അശീതിയും കഴിഞ്ഞിട്ടും ചിലർ ശ്ലോകങ്ങൾ കാണാതെ പഠിച്ചുകൊണ്ടിരിക്കും. മസ്തിഷ്കത്തിനു കൊടുക്കുന്ന വ്യായാമമാണ് ഈ പറഞ്ഞത്. ശരീരപേശികൾക്കു വ്യായാമം കൊടുക്കുന്നതിനെപ്പറ്റി നാം ധാരാളം കേൾക്കാറുണ്ട്. ഓരോ അവയവത്തിനും ഈ ചലനം ആവശ്യമാണ്. കുറേക്കൂടി തെളിച്ചുപറഞ്ഞാൽ നമ്മുടെ ശരീരത്തിലുള്ള പതിനായിരം കോടിയിലധികം വരുന്ന കോശങ്ങൾക്കും വ്യായാമം വേണം. ശരീരത്തിലെ ഒരു കോശം ഒരു മനുഷ്യൻതന്നെയാണ്. കോശങ്ങളുടെ മരണംതന്നെയാണ് മനുഷ്യന്റെ മരണവും.

വായിക്കുമ്പോൾ നമ്മുടെ തലച്ചോറും വ്യായാമത്തിലാണ്. മറന്നുപോയത് ഓർമിക്കുമ്പോഴും അപ്രകാരംതന്നെ. ചുരുക്കത്തിൽ, വായന വഴിയുള്ള മസ്തിഷ്കചികിത്സയാണ് ബിബ്ലിയോ തെറാപ്പി - ബൈബിൾ എന്നാൽ പുസ്തകം എന്നർത്ഥമാണല്ലോ. കൂടെ ഇതും ഓർക്കാം: തലച്ചോറ്, ഞരമ്പുകൾ, കണ്ണിലെ ലെൻസ്, പല്ല് എന്നിവയുടെ ആയുസ്സ് മനുഷ്യായുസ്സുതന്നെയാണ്. അതുകൊണ്ട് തലച്ചോറിനു വ്യായാമം കൊടുത്തുകൊണ്ടേയിരിക്കുക, മരിക്കുന്നതുവരെ.

നിരന്തരം വായിക്കുകയും എഴുതുകയും ചിന്തിക്കുകയും ചെയ്യുന്ന സാഹിത്യപ്രതിഭകൾക്ക് ആയുസ്സുകൂടും. ചരിത്രകാരനായ പ്ലിനി 150 വയസ്സുവരെയും ഭിഷഗ്വരനായ ഗാലൻ 140 വയസ്സുവരെയും ഈഡിപ്പസ് രാജാവ് രചിച്ച സോഫോക്ലിസ് 130 വയസ്സുവരെയും ജീവിച്ചു. വി. ആർ. കൃഷ്ണയ്യർ നൂറിൽ എത്തിയശേഷമാണ് മൺമറഞ്ഞത്. എം.കെ. സാനുമാസ്റ്റർ 98-ാം വയസ്സിലും പുസ്തകരചനയിലാണത്രേ!

ആയുർവേദ ഭിഷഗ്വരനായ അഗ്നിവേശിനോട് ശിഷ്യൻ ചോദിച്ചു: വാക്കുകൾ ഔഷധമാണോ? അതേ, ഔഷധമാണ് എന്നായിരുന്നു ഉത്തരം. കേട്ടുകൂടാത്ത വാക്കാം ആയുധം പ്രയോഗിച്ചാൽ ഉണ്ടാകുന്ന പുണ്ണ് ഒരിക്കലും ഉണങ്ങുകയില്ലെന്ന് മഹഭാരതം നമ്മെ പഠിപ്പിക്കുന്നുണ്ടല്ലോ. പുണ്ണിനെ രോഗമെന്നു നാം പറയും. സുഖം നല്കാനും ദുഃഖം നല്കാനും ഭാഷയ്ക്കു കഴിയും, നിഗ്രഹാനുഗ്രഹശക്തിയുമുണ്ട് ഇതിന്. നമുക്കിഷ്ടപ്പെട്ട കഥയോ കവിതയോ യാത്രാവിവരണമോ എന്തുമാകട്ടെ, വായിച്ചുലയിച്ചിരിക്കുമ്പോൾ നമ്മുടെ ദുഃഖങ്ങളും ദുരിതങ്ങളും മറക്കുന്നു. മനസ്സിനു നാമറിയാതെ സന്തോഷം കിട്ടുന്നു. മനുഷ്യന് അടിസ്ഥാനപരമായി ആവശ്യമായ വികാരം സന്തോഷമാണ്. അതുകൊണ്ടാണ് കുട്ടികളെ കണ്ടുപഠിക്കാൻ ഗുരുക്കന്മാർ ഉപദേശിക്കുന്നത്. നിങ്ങൾ കുട്ടികളെപ്പോലെ ആവുക എന്ന് ക്രിസ്തു ഉപദേശിക്കുന്നു. ഭാഗവതം പറയുന്ന 24 ഗുരുക്കന്മാരിൽ ഒന്നു കുട്ടിയാണ്.

മനസ്സിനെ പിടിച്ചുകെട്ടുകയാണ് ഗ്രന്ഥപാരായണത്തിലൂടെ നാം സാധിക്കുന്നത്. പതഞ്ജലി പറയുന്ന ചിത്തവൃത്തിനിരോധമാണിത്. മനസ്സിനെ പിടിച്ചുകെട്ടുന്നത് വായുവിനെ പിടിച്ചുകെട്ടുന്നതുപോലെയാണെന്ന് ഭഗവദ്ഗീത പറയുന്നു. മനസ്സു പേപിടിച്ച കുരങ്ങനാണെന്നു ശങ്കരാചാര്യരും പറയുന്നുണ്ട്. മനശ്ശാന്തിയില്ലാത്തവന് എവിടെയാണു സുഖം?



ബാലസ്താവത് ക്രീഡാസക്ത, വൃദ്ധസ്താവത് ചിന്താസക്തഃ കുട്ടികൾ കളികളിൽ ഏർപ്പെടും; വൃദ്ധന്മാർ ചിന്തയിൽ മുഴുകിയിരിക്കും. ഏകാന്തമായ മനസ്സ് ചെകുത്താന്റെ പണിപ്പുരയാണ് എന്നൊരു ചൊല്ലുണ്ട്. നമ്മുടെ ടെൻഷനും മനസ്സിന്റെ കാടുകയറ്റത്തിനും പരിഹാരമാണ് വായന. ഇന്ന് ടെൻഷനില്ലാത്ത ഏതെങ്കിലും മനുഷ്യനുണ്ടോ? ഓരോ നിമിഷവും ഓരോതരം വികാരത്തിന് അടിമയാണ് മിക്കവരും. ഓരോ തരം വികാരത്തിനും ശരീരം ഓരോ തരം ഹോർമോൺ (രാസാഗ്നി) പുറപ്പെടുവിക്കുന്നുണ്ട്. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ ഹോർമോൺ ഇല്ലെങ്കിൽ വികാരമില്ല, വികാരമില്ലെങ്കിൽ ഹോർമോണുമില്ല. (ഡോ. ദീപക് ചോപ്ര). ശരീരത്തിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും പ്രത്യക്ഷമായോ പരോക്ഷമായോ നിയന്ത്രിക്കുകയും സഹായിക്കുകയും ചെയ്യുന്ന രാസവസ്തുക്കളാണ് ഹോർമോണുകൾ. ഭയമുണ്ടാകുമ്പോൾ അഡ്രിനൽഗ്രന്ഥി അഡ്രിനാലിൻ എന്ന അപകടകാരിയായ ഹോർമോൺ പുറപ്പെടുവിക്കുന്നു. ഇതു രക്തത്തിൽ കലരും. അപകടകാരിയായ മറ്റൊരു ഹോർമോൺ ആണ് കോർട്ടിസോൾ. ഇതു മൂർഖൻപാമ്പിന്റെ വിഷംപോലെ അപകടകാരിയാണ്.

കാൻസർചികിത്സയിൽപ്പോലും മനശ്ശാന്തി പ്രയോജനപ്പെടുത്താൻ ഓങ്കോളജിസ്റ്റുകൾ ഇപ്പോൾ ഉപദേശിക്കുന്നു. ക്രോധം കാൻസറിനു സാധ്യത കൂട്ടുന്നു. സർപ്പങ്ങളുടെ കൂട്ടുകാരനായ വാവ സുരേഷ് പറയുന്നതും ഇതുതന്നെയാണ്. പാമ്പുകടിയേറ്റു പലരും മരിക്കുന്നതു പാമ്പിന്റെ വിഷമേറ്റല്ല, ഭയംമൂലമാണ്.

സമയം പോകുന്നില്ലാ എന്നാണ് മിക്ക വൃദ്ധരുടെയും പരാതി. പുതിയ തലമുറ ലാപ്ടോപ്പിലും ഫേസ്ബുക്കിലും മറ്റുമായി കഴിയുമ്പോൾ വൃദ്ധരോട് ഒരു കുശലം പറയാൻപോലും ഒരു ചെറുപ്പക്കാരനെ കിട്ടാനില്ല. ഈ സാഹചര്യത്തിൽ വയോജനങ്ങൾക്കു പറ്റിയ ഒന്നാണു ഗ്രന്ഥപാരായണം. 70 ഉം 80 ഉം കഴിഞ്ഞ ധാരാളം വയോജനങ്ങൾ വായനയിലും ഗ്രന്ഥരചനയിലും മുഴുകിയിരിക്കുന്നു. അവർക്കു സമയം തികയുന്നില്ല എന്നാണു പരാതി. സംസാരമാകുന്ന വിഷവൃക്ഷത്തിൽ അമൃതിനു സമാനമായ ഇരുഫലങ്ങളുണ്ട്. കാവ്യമാകുന്ന അമൃതം പാനം ചെയ്യലും സജ്ജനങ്ങളുമായുള്ള സമ്പർക്കവും.

പെൻഷൻ പറ്റിയതിനുശേഷം ചിലർ പെട്ടെന്നു വൃദ്ധരായി മാറുന്നതു നാം കാണുന്നു. തന്നെക്കൊണ്ടു സമൂഹത്തിനു പ്രയോജനമില്ലെന്ന് അവർ ചിന്തിക്കുന്നു. ചിലർ ഈ തോന്നലിനു പിന്നാലെ സ്ഥിരം പോകുന്നു. സേവനവിരാമമരണം എന്നു മനഃശാസ്ത്രജ്ഞർ ഇതിനെ വിശേഷിപ്പിക്കുന്നു. ഭാര്യയുടെ മരണശേഷം വേഗം ഭർത്താവു മരിക്കുന്നതും ഭർത്താവിന്റെ മരണശേഷം വേഗം ഭാര്യ മരിക്കുന്നതും നാം കാണുന്നതാണല്ലോ. വിഷാദം തന്നെ കാരണം.

മറ്റു കർമ്മങ്ങളിൽ ഏർപ്പെടുന്നതുവഴി ഏകാന്തതയും നിരാശയും ഇല്ലാതാക്കാം. നിങ്ങൾ ഈശ്വരന്റെ സൃഷ്ടിയാണ്. എന്നാൽ, സന്തോഷം നിങ്ങളുടെ സൃഷ്ടിയാണ്. സന്തുഷ്ടമായ മനസ്സ് സർവവിധരോഗശാന്തിയുടെയും സ്രോതസ്സാകുന്നു (സ്വാമിരാമ).

ഡോ. ദീപക് ചോപ്രയെ വീണ്ടും ഉദ്ധരിക്കട്ടെ: കൂടുതലുപയോഗിക്കുമ്പോൾ തേയ്മാനം സംഭവിക്കുന്ന യന്ത്രങ്ങളിൽ നിന്നു വ്യത്യസ്തമായി ഉപയോഗിക്കുന്തോറും കൂടുതൽ നന്നാകാനുള്ള കഴിവു മനുഷ്യശരീരത്തിനുണ്ട്. നന്നായി വ്യായാമം ചെയ്യുന്ന ഒരാളുടെ ഭുജത്തിലുള്ള പേശികൾ നശിക്കുകയല്ല; ബലവത്താകുകയാണു ചെയ്യുന്നത്. വാർധക്യം ബാധിക്കാത്ത ഒരു നാട് ഇതാ ഇവിടെത്തന്നെയുണ്ട്. മറ്റൊരിടത്തുമല്ല, നമ്മുടെ മനസ്സിൽ.

കവിത

ചാക്കോ സി. പൊരിയത്ത്

## കാലഹരണം

പരിചിതരൊക്ക
കടന്നുപോയ്ത്തീരു,-
ന്നിവിടെ ദിക്കുകൾ
തിരിയാതാകുന്നു...

ഇവനാരെന്നെ,ന്നെ
കുതുകമോടൊന്നു-
തിരിഞ്ഞുനോക്കാനി-
ല്ലൊരാളുമേ, കഷ്ടം!

പരക്കംപായുന്നു-
ണ്ടെനിക്കുചുറ്റിലും
പദങ്ങളായിരം ;
പകച്ചുനില്പൂ ഞാൻ.

ഇവരിലാരെയും
തിരിച്ചറിയാതെ,
വഴിയറിയാത്ത
മറവിയായി ഞാൻ

ഗതകാലത്തിന്റെ
കര കടലെടു,-
ത്തവിടെയിന്നാരു-
മവശേഷിപ്പീലാ!

ഇതു പുതുകാലം,
പുതിയ തീ, ജലം,
പുതിയ പ്രാണവാ-
യുവിന്റെ സഞ്ചാരം..!

ഇടമില്ലാ തെല്ലു-
മിവിടെങ്ങും, കാല-
ഹരണംവന്നവ-
രധികപ്പറ്റുകൾ..!

പരീക്ഷാസമയത്തു മെഡിക്കൽ വിദ്യാർഥികളിൽ കാൻസറിനെ ചെറുക്കുന്ന ഇന്റർലൂകിൻ എന്ന രാസവസ്തുവിന്റെ ഉത്പാദനം കുറയുന്നുവത്രേ. അതായത്, പരീക്ഷ ജയിക്കുന്നതിനെക്കുറിച്ചുള്ള ഉത്കണ്ഠ അയാളുടെ ജീനുകളെ നേരിട്ടു ബാധിക്കുന്നു. ചിന്തകൾ ഒരു തരം വൈറസുകൾ പോലെയാണ്.

മൃഗങ്ങളെ സമ്മർദത്തിനുവിധേയമാക്കിയാൽ അവയ്ക്ക് വളരെ വേഗം വാർധക്യം ബാധിക്കുമെന്നു കണ്ടെത്തിയിട്ടുണ്ട്. ഇതു മനുഷ്യനും ബാധകമാണ്.

സൃഷ്ടിപരമായ അനുഭവങ്ങൾ മസ്തിഷ്കത്തിന്റെ ഘടനയെപ്പോലും ശക്തിപ്പെടുത്തും. മനസ്സുകൊണ്ടു കൂടുതൽ ജോലി ചെയ്യുന്നത് മസ്തിഷ്കത്തിനു ഹാനികരമാണെന്നതു തെറ്റായ ധാരണയാണ്. സൃഷ്ടിപരമായി ചിന്തിക്കുന്ന വേളയിൽ തലച്ചോറിലേക്കു കൂടുതൽ രക്തം പ്രവഹിക്കും (സിഗ്മണ്ട് ഫ്രോയിഡ്). അതുപോലെ സൃഷ്ടികൾ വായിക്കുന്നവർക്കും ഇതിന്റെ പ്രയോജനം കിട്ടും. എന്തിനും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഉപയോഗിക്കുമ്പോൾ ഓർമിച്ചെടുക്കേണ്ട ആവശ്യം വരുന്നില്ല. അപ്പോൾ തലച്ചോറിന്റെ ഉപയോഗം കുറയുന്നു, മറവിരോഗം വേഗം പിടിപെടുന്നു.

ചുരുക്കത്തിൽ നാം കുറേ ശ്രദ്ധ കൊടുത്താൽ ഡിമെൻഷ്യയെ ഒരുപരിധിവരെ അകറ്റി നിർത്താം. ■



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും

9

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

അഞ്ചാം ക്ലാസ്സിലെ ആദ്യ ദിവസം, അമ്മയാണ് കൊണ്ടു വിട്ടത്. ഉച്ചവരെ മാത്രമേ ക്ലാസ്സുള്ളൂ. അതുകൊണ്ട് ആശ കടയിൽപോയിട്ടു വന്നു തിരികെ വീട്ടിൽ കൂട്ടിക്കൊണ്ടുപോകാമെന്നു പറഞ്ഞു.

കഴിഞ്ഞവർഷം കണക്കു പഠിപ്പിച്ച നിർമലറ്റീച്ചറാണ് പുതിയ ക്ലാസ്റ്റീച്ചർ. കുറച്ചു കർശനക്കാരിയാണെങ്കിലും കുട്ടികൾക്കെല്ലാം റ്റീച്ചറിനെ ഇഷ്ടമാണ്. പുതുതായി രണ്ടു പെൺകുട്ടികൾകൂടി ക്ലാസിൽ ചേർന്നു. പതിനഞ്ച് ആൺകുട്ടികളും പതിനെട്ടു പെൺകുട്ടികളും ഇപ്പോൾ ക്ലാസിലുണ്ട്. അശ്വിൻകൂടി വന്നാൽ പതിനാറ് ആൺകുട്ടികൾ.

ആൽഫബെറ്റിക്കൽ ഓർഡറിൽ ഇരിക്കാൻ റ്റീച്ചർ പറഞ്ഞു.

ഐവാന്റെ സ്ഥാനം രണ്ടാമത്തെ ബെഞ്ചിലാണ്, വിശാലിന് പിറകിലേക്കു പോകേണ്ടിവന്നു.

അവധിക്കാലം എങ്ങനെ ചെലവഴിച്ചു എന്നു നിർമലറ്റീച്ചർ കുട്ടികളോടു ചോദിച്ചു. ഈ പ്രാവശ്യം ആവേശത്തോടെ പറയാൻ രണ്ടു കാര്യങ്ങളുണ്ട്: ഒന്ന്, മാലാഖമാർ വീട്ടിലുള്ള കാര്യം, മറ്റൊന്ന് പിപ്പിനെ കിട്ടിയ കാര്യം. പക്ഷേ, പിപ്പിന്റെ കാര്യംമാത്രം പറഞ്ഞു. അപ്പോൾ വിശാൽ റ്റീച്ചറിനോട് ഉറക്കെപ്പറഞ്ഞു:

"പിപ്പിനെ ഐവാനു കൊടുത്തത് എന്റെ ചിറ്റപ്പനാണ്." ആ നിമിഷം കുട്ടികളുടെ എല്ലാവരുടെയും ശ്രദ്ധ വിശാലിലേക്കു തിരിഞ്ഞു.

ടൈംടേബിൾ എല്ലാവരും എഴുതിയെടുത്തു. ക്ലാസ് തീരുന്നതിനു മുമ്പേ റ്റീച്ചർ ഒരുകാര്യം പറഞ്ഞു:

"വളരെ മുഖ്യമായ ഒരു കാര്യം പറയാനുണ്ട്." എല്ലാവരും നിശ്ശബ്ദരായി ശ്രദ്ധയോടെ റ്റീച്ചറെ നോക്കി.

"നിങ്ങളിൽ ചിലർക്കെങ്കിലും നമ്മുടെ അശ്വിൻ നാരായണൻ സുഖമില്ലാതെ ഇരിക്കുന്ന വിവരം അറിയാമായിരിക്കുമല്ലോ. അവനു ക്യാൻസറാണ്. വെല്ലൂർ ഹോസ്പിറ്റലിലായിരുന്നു കഴിഞ്ഞ കുറച്ചുനാൾ. ഇപ്പോൾ കുറവുണ്ട്."

ഇതു പറഞ്ഞപ്പോൾ ഐവാൻ തിരിഞ്ഞു വിശാലിനെ നോക്കി. അവൻ ഒരു ചെറു പുഞ്ചിരിയോടെ തിരികെയും.

"ചികിത്സയുടെ ഭാഗമായി അവന്റെ തല മൊട്ടയടിച്ചു. ഞാൻ അവരുടെ വീട്ടിൽ പോയിരുന്നു, പേരന്റ്സ് വളരെ സങ്കടത്തിലാണ്, അവനും. അതുകൊണ്ടു നിങ്ങൾ കൂട്ടുകാരെല്ലാം അവനോട് എമ്പതിറ്റിക് ആയി പെരുമാറണം. അനാവശ്യചോദ്യങ്ങൾ ചോദിക്കരുത്. അടുത്ത ആഴ്ച അവൻ തിരികെവരും."

പെൺകുട്ടികളുടെ സൈഡിൽനിന്ന് ആരോ ചോദിച്ചു:

"ടീച്ചർ, എമ്പതിറ്റിക് എന്നു പറഞ്ഞാൽ എന്താണ്?"

"മറ്റുള്ളവരുടെ വികാരം മനസ്സിലാക്കണം എന്ന്. അതായത്, സഹാനുഭൂതി വേണമെന്ന് അർഥം, നമ്മൾ എല്ലാവരും സഹജീവികളോടു കരുണയോടെ പെരുമാറണം. സഹജീവികളായ നമ്മൾ മനുഷ്യരോടു മാത്രമല്ല, എല്ലാ ജീവജാലങ്ങളോടും.

"ടൈംടേബിൾ പ്രകാരം, ബുക്കുകൾ നാളെ മുതൽ എടുത്തുകൊണ്ടുവരണം, ഇന്ന് ഉച്ചവരെയേ ക്ലാസ് ഒള്ളൂ, നാളെ മുതൽ സ്കൂൾബസ്സ് ഉണ്ടായിരിക്കും."

റ്റീച്ചർ ബൈ പറഞ്ഞു പോയപ്പോൾ, കുട്ടികൾ എല്ലാവരും തമ്മിൽ സംസാരിക്കാൻ തുടങ്ങി, എല്ലാവരും അശ്വിനെക്കുറിച്ചാണ് സംസാരിച്ചത്.

പെട്ടെന്നാണ് ഐവാന് ഒരു കാര്യം മനസ്സിലേക്കു വന്നത്, താനും തലമൊട്ടയടിച്ചാലോ?

അവൻ അത് വിശാലിനോടു ചോദിച്ചു. അതിന് ഉത്തരമായി, ഞാനും എന്നാണ് വിശാൽ പറഞ്ഞത്. രണ്ടുപേർ വീട്ടിൽ ചോദിക്കാം എന്നു പറഞ്ഞെങ്കിലും, ബാക്കി പതിമ്മൂന്നു പേരും കഴിയുന്നതും വേഗം മുടി കളയാം എന്നു തീരുമാനിച്ചു.

പെൺകുട്ടികളും അവർ പറയുന്നതു ശ്രദ്ധിക്കുന്നുണ്ടായിരുന്നു. വിശാൽ അവരോടായി പറഞ്ഞു:

"നിങ്ങൾ മുടി വെട്ടേണ്ട, ഞങ്ങൾ ബോയ്സ് വെട്ടാം," അതിൽ പുതുതായി ചേർന്ന ഒരു പെൺകുട്ടി പറഞ്ഞു:

"മുടിയല്ലേ, അതു വെട്ടിയാൽ വളരും."

"അതിനു നിനക്ക് അത്ര മുടി ഇല്ലല്ലോ, ക്രോപ്പ്ഡ് അല്ലേ?"

ആൺകുട്ടികളിൽ ഒരാൾ, പ്രവീണാണ് അതു ചോദിച്ചത്.

എല്ലാവരും ചേർന്നു ചിരിച്ചെങ്കിലും അവൾ മാത്രം ചിരിച്ചില്ല.




"യു നോ, ഐ ആം ആൾസോ എ ക്യാൻസർ സർവൈവർ."

പെട്ടെന്നു ക്ലാസ്സിൽ മൂകത പരന്നു.

സ്കൂൾ വിട്ടതിന്റെ ബെൽ മുഴങ്ങി എല്ലാവരും പതുക്കെ പുറത്തേക്കിറങ്ങി.

ആശ ഐവാനെ കാത്തു നില്പുണ്ടായിരുന്നു.

സ്കൂട്ടിയിൽ കയറുമ്പോൾ വിശാൽ അടുത്തുവന്നിട്ടു പറഞ്ഞു:

"എല്ലാവരും മുടിവെട്ടുമായിരിക്കും അല്ലേ ?"

"അവരു ചെയ്യുമെന്നല്ലേ പറഞ്ഞത്, ചെയ്യും."

വണ്ടിയുടെ അടുത്തേക്കു നടക്കുമ്പോൾ അമ്മ ചോദിച്ചു:

"എന്താ ഒരു രഹസ്യം രണ്ടാളും കൂടെ?"

"അശ്വിന്റെ കാര്യം അന്നു ഞാൻ പറഞ്ഞില്ലേ?"

"ആ മോന് എങ്ങനെയുണ്ട്?"

"കുറവുണ്ടെന്നാണ്, നിർമല റ്റീച്ചർ പറഞ്ഞത്. അടുത്തയാഴ്ച അവൻ വരും, അവന്റെ മുടിയെല്ലാം കൊഴിഞ്ഞു, തല മൊട്ടയടിച്ചു, എമ്പതറ്റിക് ആയിട്ട് ബിഹേവ് ചെയ്യണം എന്നു റ്റീച്ചർ പറഞ്ഞു, അതുകൊണ്ടു ഞങ്ങൾ ബോയ്സ്, എല്ലാവരും മുടി കളയാൻ തീരുമാനിച്ചു, അമ്മ സമ്മതിക്കില്ലേ?"

അമ്മ അതിന് ഉത്തരം പറയാതെ, കരുണയോടെ അവനെ നോക്കി. എന്നിട്ടു പറഞ്ഞു: "അമ്മ തല മൊട്ടയടിച്ച തരാം."

"അമ്മയ്ക്കതിനു മുടി വെട്ടാനറിയുമോ?"

"ഫാഷനായിട്ട് ഒന്നും ചെയ്യാനറിയില്ല, പക്ഷേ ഇതു മുഴുവനും കളയാനല്ലേ, പപ്പയുടെ ഷേവിങ് സെറ്റ് മതി, അതിന്. വീട്ടിൽ എത്തിയതും, കൂട്ടിൽ കിടന്നു പിപ്പിൻ ബഹളം വയ്ക്കാൻ തുടങ്ങി, പിങ്ക്ളാങ്കി കൂടു തുറന്ന് അവനെ കൈയിൽ എടുത്തു.

"ചേട്ടായിയെ മിസ് ചെയ്തോ? ഞാൻ സ്കൂളിൽ പോയതല്ലേ? ഇനിത്തൊട്ടു ഡെയിലി സ്കൂളിൽ പോകണം, ഇന്നു ഹാഫ് ഡേ, നാളെ മുതൽ ഫുൾ ഡേ."

എല്ലാം മനസ്സിലായപോലെ പിപ്പിൻ തലയാട്ടി.

ഊണു കഴിഞ്ഞ് അമ്മ ഉറക്കമായി. സിസിലിയാന്റിയും അവരുടെ വീട്ടിലേക്കുപോയി.

പിങ്ക്ളാങ്കി, പിപ്പിനെയും കൂട്ടി മാലാഖമാരെ കാണാൻ പതുക്കെ നടകയറി, സ്കൂളിൽ നടന്ന വിശേഷങ്ങൾ വള്ളിപുള്ളി തെറ്റാതെ പറഞ്ഞുകേൾപ്പിച്ചു.

അശ്വിന് അസുഖം കുറവുണ്ടെന്നും, ഫ്രണ്ട്സ് എല്ലാവരും മുടി മുറിക്കുന്ന കാര്യവും പറഞ്ഞു. പിന്നെ പുതുതായി വന്ന ഒരു പെൺകുട്ടിക്ക് ക്യാൻസർ ആയിരുന്നെന്നും ഇപ്പോൾ നന്നായിരിക്കുന്നുവെന്നും.

പതിവുപോലെ എല്ലാ മാലാഖാമാർക്കും നന്ദി പറഞ്ഞു.

മുറിയിൽനിന്നും ഇറങ്ങുന്നതിനു മുമ്പേ റാഫേൽമാലാഖയെ കെട്ടിപ്പിടിച്ചു പ്രത്യേകം നന്ദി പറയാൻ മറന്നില്ല.

അശ്വിന് കുറവുണ്ടെന്നല്ലേ നിർമ്മലറ്റീച്ചർ പറഞ്ഞത്, അവനു ഭേദമാകും. മാലാഖ ഉറപ്പു നൽകി.

ഉറക്കം എഴുന്നേറ്റ് അമ്മ അവനെ വിളിക്കുന്നതുവരെ, മാലാഖമാരോടു കൂടെ സമയം ചെലവഴിച്ചു.

താഴെച്ചെന്നതും അമ്മ പറഞ്ഞു: ""ഈയിടെയായി നിനക്കു മുകളിൽപോക്ക് കുറച്ചു കൂടുതലാണല്ലോ, എന്തെങ്കിലും കുസൃതി ഒപ്പിക്കുന്നുണ്ടോ? ആ പൊന്നുവിന്റെ മുറിയിലൊന്നും കയറരുത്. അവളുടെ സ്വഭാവം അറിയാമല്ലോ, വല്ലതും തൊട്ടു നശിപ്പിച്ചാൽ അവളു നിന്നെ വെച്ചേക്കത്തില്ല."

"ഞാൻ ചേച്ചിയുടെ മുറി തുറക്കാറേയില്ല."

"തുറക്കാതിരുന്നാൽ നിനക്കു കൊള്ളാം."

പിങ്ക്ളാങ്കി മനസ്സിൽ പറഞ്ഞു.

"തുറക്കുന്നത്, ഉണ്ണിച്ചായന്റെ മുറിയാണ്."

"പിപ്പിനെ നിലത്തുവച്ച്, കൈകഴുകി വാ, അമ്മ ഇന്നു ബേക്കറിയിൽനിന്നു നിനക്ക് കപ്പ് കേക്ക് വാങ്ങി."

"താങ്ക്യൂ അമ്മാ."

"പിപ്പിൻ, നിനക്കും ഞാൻ കേക്ക് തരാം."

"അവന് അതു പാത്രത്തിൽ ഇട്ടു കൊടുക്കൂ, നിലത്തിടരുതു കേട്ടോ." (തുടരും)

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

## ദുക്റാന

സുറിയാനി ഭാഷയിൽനിന്നു മലയാളത്തിലേക്കു കടന്നുവന്ന ഒരു വാക്കാണ് ദുക്റാന. ഓർമ, അനുസ്മരണപ്രാർഥന, ഏതെങ്കിലും പുണ്യവാനെ അനുസ്മരിക്കുന്ന ദിവസം എന്നൊക്കെയാണ് ആ വാക്കിന്റെ അർഥം. ദുകറാന, ദുക്ക്റാന, ദുഖറാന, ദുഹറാന, ദുക്റോനോ എന്നീ രൂപഭേദങ്ങളും കാണപ്പെടുന്നു. വിശുദ്ധന്മാരുടെ ഓർമയ്ക്കായുള്ള തിരുനാൾ (ഓർപ്പെരുന്നാൾ) ദിനമാണത്. മലയാളത്തിൽ തോറാന (തോറാനപ്പെരുന്നാൾ) എന്നും പറയും.

കേരളത്തിൽ തോമാശ്ലീഹായുടെ ഓർമദിവസത്തെ മാത്രമേ ദുക്റാന എന്നു വിളിക്കാറുള്ളൂ. വിശുദ്ധന്റെ ചരമദിനമായ ജൂലൈ മൂന്നിന് ദുക്റാന ആചരിക്കുന്നു. "പണ്ട് കേരളീയർ തോമാശ്ലീഹയുടെ ബഹുമാനാർഥം രണ്ടു ദുക്റാനപ്പെരുന്നാളുകൾ ആഘോഷിച്ചിരുന്നു. വലിയ തിരുനാളായിട്ടാണ് ദുക്റാന കൊണ്ടാടിയിരുന്നത്. റോസ് മെത്രാന്റെ നിയമാവലിയിൽ (എ.ഡി. 1606) പറയുന്നു: 'കർക്കടക ഞായറിൽ മാർതോമാടെ ദുക്റാനെക്ക എട്ടുദിവസത്തെ നമസ്കാരം എല്ലാവരും എത്തിച്ചേ മതിയാവൂ"* (നാലാം സാഹാ). ഞായർ എന്ന വാക്കിന് ഇവിടെ മാസം എന്നർഥം. തോമാശ്ലീഹായുടെ മരണവുമായി ബന്ധപ്പെടുത്തി ആചരിക്കുന്ന മറ്റൊരു ദിനം ഡിസംബർ പതിനെട്ട് ആണ്. മൈലാപ്പൂരിലെ കുരിശ് രക്തം വിയർത്തതിന്റെ സ്മരണയാണ് ഡിസംബർ പതിനെട്ടിനു പുതുക്കുന്നത്.

ദുക്റാനയ്ക്ക് അഹോരാത്രം മഴപെയ്യും എന്നാണ് കണക്ക്. അതുൾക്കൊള്ളുന്ന ഒരു പഴഞ്ചൊല്ലും മലയാളത്തിലുണ്ട്. 'ദുക്റാനദിവസം ആറാന ഒഴുകും.' എന്നാണത്. ആറ് ആനകൾ അന്നേ ദിവസം പുഴയിലൂടെ ഒഴുകിപ്പോകുമെന്നാണ് ആ പഴഞ്ചൊല്ലു നൽകുന്ന സൂചന. ഇന്നത്തെ പ്രളയത്തിനു സമാനമായ സ്ഥിതിവിശേഷം! പണ്ടൊക്കെ അങ്ങനെ സംഭവിച്ചിരുന്നതായി പഴമക്കാർ ഓർത്തെടുക്കുന്നു. 'കേരളമാം നൽവരവും മാർത്തോമ്മാന്റെ ദുക്റാന' എന്ന് സുറിയാനിപ്പാട്ടിൽ കേട്ടിട്ടുണ്ട്. സുറിയാനിപ്പദമായ ദുക്റാന പലവിധത്തിലാണ് കേരളത്തിൽ പ്രചരിച്ചത്. ഏകത നിലനിർത്തുന്നതിനായി ദുക്റാന എന്ന മാനകരൂപം പ്രചരിപ്പിക്കുന്നതാണ് മലയാളത്തിന്റെ നല്ല വഴിക്കു സ്വീകാര്യം.

*ജോർജ്, കുരുക്കൂർ, ക്രൈസ്തവശബ്ദകോശം, പി.ഒ.സി. പ്രസിദ്ധീകരണം. കൊച്ചി, 2002, പുറം – 128

നോവൽ 20

# കാറ്റിന്റെ മർമരങ്ങൾ

സൂസൻ പാലാത്ര

റോയിച്ചൻ വിവാഹത്തിനായി അവധിയിൽവന്നു. സാലമ്മ അടുത്ത ദിവസമെത്തും. മനസ്സമ്മതവും കല്യാണവും എല്ലാം അടുത്തടുത്ത ദിവസങ്ങളിൽ നടത്തണം.

റോയിച്ചൻ വന്നതിന്റെ പിറ്റേന്ന് സാലമ്മയുടെ അപ്പച്ചൻ വീട്ടിൽവന്നു. അദ്ദേഹത്തിന്റെ മുഖം ശോകമൂകമായി കാണപ്പെട്ടു. സംസാരിക്കുമ്പോൾ ഒരു വെപ്രാളവും.

അപ്പനോട് അയാൾ വിക്കിവിക്കിപ്പറഞ്ഞു: ‘ബേബിച്ചാ, പെണ്ണ് വിവാഹാവശ്യത്തിനുവേണ്ടി കുറേപ്പണം സ്വരൂപിച്ച് എന്നെയേല്പിച്ചതാണ്. ഞാനെന്റെ ഒരു സുഹൃത്തിന് കൈവായ്പയായി അതു കൊടുത്തു. നമുക്ക് ആവശ്യം വരുന്നസമയത്ത്, തിരിച്ചുതരാം എന്നയാളുറപ്പു പറഞ്ഞതാണ്. എന്നാലവൻ മുങ്ങിക്കളഞ്ഞു. കടംകേറി മുടിഞ്ഞ, അവന്റെ വീട്ടിൽച്ചെന്ന് ഞാൻ കുറേ ഒച്ചയിട്ടേച്ചു വരുന്നവഴിയാണ്. കേസും പുക്കാറും എനിക്കു വയ്യ. ഇനി ഞാനെന്നാ ചെയ്യേണ്ടത്?‘

ഉള്ളു കിടുങ്ങിപ്പോയെങ്കിലും ഭാവഭേദം മുഖത്തോ വാക്കിലോ വരാതിരിക്കാൻ അപ്പൻ വളരെ പണിപ്പെട്ടു, എന്നിട്ട് ആശ്വസിപ്പിച്ചു: “സാരമില്ലെടോ, നമുക്കതൊക്കെ അഡ്ജസ്റ്റ് ചെയ്യാം. പണത്തിന്റെ ആവശ്യമെന്താ? സ്ത്രീതന്നെയാണ് ധനം. അവൾ നല്ല പെണ്ണാ, അതുമതി.”

അമ്മപറഞ്ഞു: ‘‘നമ്മളെ എല്ലാരും കളിയാക്കും, ആരോടും പറയണ്ടാ, വീടും പൊളിച്ചു പണിത് കടവുമൊരു പാടായി. ഞാനപ്പഴേ അമ്മിണിയോടു പറഞ്ഞതാ, സ്ത്രീധനോം സ്വർണ്ണോമൊന്നും വേണ്ടെന്ന്. അമ്മിണി പറഞ്ഞു, പെണ്ണ് സ്വർണ്ണം വാങ്ങാനും പിന്നെ കല്യാണച്ചിലവിനുമായി നല്ലൊരു തുക അപ്പനെക്കൊണ്ടെ ഏല്പിച്ചിട്ടുണ്ടെന്നും, അവളവിടെ മിനിസ്ട്രീലെ നേഴ്സാ, നല്ല ശമ്പളമൊണ്ടെന്നും. ഞാൻ വല്യകലത്തിൽ വെള്ളവുമിട്ടിരുന്നതാ, എന്റെ ലിസിയമ്മേടെ കല്യാണോം കൂടെ വൃത്തിയായി നടത്താമല്ലോന്നു വ്യാമോഹിച്ച്.”

“സാരമില്ലെടീ, എല്ലാം നടക്കും, അവക്കുടനെ ജോലികിട്ടും, പിന്നെ ഈ കല്യാണം വിളിക്കാൻ ചെല്ലുമ്പം നീ ആ പാറേലേ ചേടത്തിയോടൊന്നു തിരക്ക്, അവരു പറഞ്ഞ ആ ചെറുക്കൻ കെട്ടിയില്ലേൽ നമ്മക്കു സമ്മതമാന്നു പറ.”

‘‘അതിപ്പം എന്നാ കണ്ടോണ്ടാ, വീടുപണീടെ കടോം ഒണ്ട്, പിന്നെയെങ്ങനെയാ? ബാക്കിയൊള്ള കെടപ്പാടം വിയ്ക്കാനൊന്നും പറ്റുകേലാ, ഈ കുഞ്ഞുങ്ങളേംകൊണ്ട് നമ്മളെവിടെപ്പോയി കെടക്കും, ഇപ്പത്തന്നേ സ്ഥലംവിറ്റത് റോയിച്ചനു തീരെ ഇഷ്ടമായില്ല, മെയിൻറോഡരുകിലെ കണ്ണായ സ്ഥലംവിറ്റ് പെണ്ണിനെ കെട്ടിച്ചെന്നവൻ സങ്കടം പറഞ്ഞു.”

‘‘കെടപ്പാടമൊന്നും വിയ്ക്കേണ്ട ആവശ്യമൊന്നും വരികേലെടീ, വാ കീറിയ ദൈവം എരേം തരും, നീയൊന്നു ചോദിച്ചുനോക്ക്, ഒത്താ നമ്മക്കങ്ങു നടത്താം, പോയാലൊരു വാക്ക്, കിട്ടിയാലൊരാന.”

“ഓ ശരി.”

അപ്പനുമമ്മയും തകൃതിയായ ആലോചനയിലാണ്.


ലിസിക്കു വിഷമമൊന്നും തോന്നിയില്ല.

ചോദിച്ച സ്ത്രീധനോം കൊടുത്ത്, മാന്യമായരീതിയിൽ സ്വർണ്ണോമിട്ടുചെന്ന മേഴ്സിക്ക് ഒരു സമാധാനോം ആ അമ്മായിയമ്മത്തള്ള കൊടുത്തിട്ടില്ല, വിരലേൽ എണ്ണാനുള്ള ദിവസമേ അവളവിടെ നിന്നിട്ടുള്ളൂ. ഇട്ടങ്ങ് ഞെരുക്കുകയാണാത്തള്ള.

ഈ കുടുംബത്തേക്കേറെ പണവും പണ്ടവുമായി വരാൻ കരുതിയ പെണ്ണിന് അതെല്ലാം നഷ്ടമായി. അനുഭവം അല്ലാതെന്താ?

റോയിച്ചനു ലോട്ടറി അടിച്ചെന്ന് മലേഷ്യയിലേക്ക് അച്ചോയി കത്തയയ്ക്കുകവരെ ചെയ്തതാണ്. അല്ലെങ്കിലും നാത്തൂന്റെ സ്വത്തുമായി കെട്ടിപ്പോകുന്നത് ലിസിക്കിഷ്ടവുമല്ല.

സാലമ്മ പിതാവിനെ ഏല്പിച്ചതെല്ലാം നഷ്ടപ്പെട്ടെങ്കിലും ഭേദപ്പെട്ട ഒരുതുക മനസ്സമ്മതത്തിനു മുമ്പ് കാരണവന്മാർ മുഖേന വരന്റെ വീട്ടിലെത്തിച്ചു. സ്വർണം ആവശ്യത്തിന് അണിഞ്ഞിട്ടുണ്ടായിരുന്നു. അതുതന്നേ, ധാരാളമാണ്. ബന്ധുക്കളൊക്കെ ആഭരണത്തിന്റെ ഫാഷനും ഡിസൈനും തൂക്കവും എണ്ണവും നോക്കി, സംതൃപ്തരായി. ലിസിയും സുമയും ആ വഴി പോയതേയില്ല.



എന്നാലും തന്റെ പ്ലാൻ പോലെ കാര്യങ്ങൾനടന്നില്ല. അപ്പച്ചന്റെ കൂട്ടുകാരൻ, പാവം അപ്പച്ചനെ പറ്റിച്ച് പണവുമായി മുങ്ങിക്കളഞ്ഞത് ഒരു ആഘാതമായിപ്പോയെന്നവൾ പേർത്തും പേർത്തും പറഞ്ഞ് സങ്കടപ്പെട്ടു.

ഇത്രയും ആർഭാടമായ ഒരു വിവാഹം ലിസി അടുത്ത നാളിലൊന്നും കൂടിയിട്ടില്ല. അത്ര കെങ്കേമമായിരുന്നു റോയിച്ചായന്റെ വിവാഹം.

കല്യാണത്തലേന്ന് പേരെടുത്ത പരിചമുട്ടുകളി സംഘത്തെ ക്ഷണിച്ച് വിവാഹത്തിന് മോടികൂട്ടി.

അതിസുന്ദരിയായ സാലമ്മയും യുവകോമളനായ റോയിച്ചനും വിവാഹകർമ്മങ്ങൾക്കിടയിൽ ഒളികണ്ണിട്ടു നോക്കിയെന്നു പറഞ്ഞ് മണവാട്ടിയുടെ പരിചാരകവൃന്ദം കളിയാക്കി.

ആദ്യനാലു ദിവസം വരന്റെ വീട്ടിൽ, അടുത്ത നാലുദിവസം വധുവിന്റെ വീട്ടിൽ. എല്ലാം മുറപോലെയാകട്ടേയെന്ന് കൊച്ചുകൊച്ചപ്പച്ചൻ പറഞ്ഞു.

വിവാഹപ്പിറ്റേന്ന് അപ്പനോടു കുറച്ചുപണം വാങ്ങിക്കൊണ്ട് റോയിച്ചൻ സാലമ്മയെക്കൂട്ടിപ്പോയി രണ്ടുപവന്റെ മിന്നുമാലയും ഒരു കാഞ്ചീപുരംസാരിയും വാങ്ങിക്കൊടുത്ത് തിയേറ്ററിൽപ്പോയി സിനിമയും കണ്ട് സന്ധ്യയോടുകൂടെ മടങ്ങിയെത്തി.

റോയിച്ചൻ മിന്നുമാല അമ്മയെക്കൊണ്ട് സാലമ്മയുടെ കഴുത്തിലണിയിച്ചു.

റോയിച്ചൻ പറഞ്ഞു: “മിന്നുമാലയും സെക്കന്റ് സാരിയും കിട്ടാഞ്ഞതിൽ സാലമ്മയ്ക്കു പരിഭവമുണ്ടായിരുന്നു. ആ സങ്കടം ഇപ്പം മാറി.”

അടുത്ത ദിവസം, അവർ കാഷ്മീരിലേക്ക് ഹണിമൂണിനായി പോയി.

“അവരുല്ലസിച്ചു നടക്കട്ടേ, ആരും അസൂയപ്പെടരുത്.” വല്യമ്മച്ചിയുടെ അഭിപ്രായം എല്ലാവരിലും ചിരിപടർത്തി.

ഹണിമൂൺ കഴിഞ്ഞ് തിരിച്ചെത്തിയ റോയിച്ചൻ അപ്പനോടാവശ്യപ്പെട്ടു: “അച്ചാച്ചാ കല്യാണച്ചെലവിന് എത്രയായി? ബാക്കിയുള്ളതിങ്ങു താ.”

“യ്യോടാ മോനെ, ലിസിമോടെ കാര്യത്തിനെന്റെ കൈയിൽ ഒരഞ്ചിന്റെ തുട്ടില്ലല്ലോടാ.”

അമ്മ ചോദിച്ചു : “അതെന്നാ മോനേ, അവളു പറഞ്ഞോ ബാക്കി മേടിക്കാൻ?”

“അമ്മച്ചി എഴുതാപ്പുറമൊന്നും വായിക്കണ്ടാ, അവളന്യനാട്ടിൽ കഷ്ടപ്പെട്ടുണ്ടാക്കിയ കാശാ. അതവളുടെപേരിൽ ബാങ്കിൽ കിടക്കട്ടേ.”

“ങാ നല്ല കാര്യമാ റോയിമോൻ പറഞ്ഞത്. ആ തുക കൊടുക്കിച്ചാച്ചാ, അവരു കൊണ്ടെ ബാങ്കിലിടട്ടേ.” അമ്മ ഉള്ളിൽ തിരയിളകിയ രോഷവും സങ്കടവുമടക്കാൻ പാടുപെട്ടുകൊണ്ടു പറഞ്ഞു.

ഇച്ചാച്ചൻ പണം കൊടുക്കാൻ കൂട്ടാക്കിയില്ല. റോയിച്ചൻ പറഞ്ഞു: “എന്നാൽ ആ വിവരം ആധാരത്തിൽച്ചേർക്കണം. അതു കണക്കാക്കിവേണം മുന്നോട്ടുള്ള തീരുമാനങ്ങൾ.” അച്ചോയിയും അമ്മയുടെ ജ്യേഷ്ഠത്തി കുഴിമറ്റത്തമ്മയും പറഞ്ഞു: “പിള്ളേരങ്ങനെയൊക്കെപ്പറയും, നിങ്ങളതു മുഖവിലയ്ക്കെടുക്കാതിരുന്നാ മതി. ആ പണംകൊണ്ട് ലിസിയെ കെട്ടിച്ചുവിടാൻ നോക്ക്.”

എന്നാൽ, വാശിക്കാരിയായ അമ്മയുടെ നിർബന്ധപ്രകാരം അപ്പനാത്തുക റോയിച്ചനെ ഏല്പിച്ചു. മിസ്സിസ് ആൻഡ് മിസ്റ്റർ റോയികുരുവിളയുടെ പേരിൽ ഏഴു വർഷത്തേക്ക് അവരാ പണം സ്ഥിരനിക്ഷേപമായി ബാങ്കിലിട്ടു.

അമ്മ പരിതപിച്ചു: പിള്ളേരടെ ഒരു കാഞ്ഞബുദ്ധിയേ. ഏഴു വർഷത്തേക്കിനാ സ്ഥിരനിക്ഷേപമിട്ടേ.

അപ്പൻ ലിസിയെ അടുത്തു വിളിച്ചു, നെറുകയിൽ തലോടിക്കൊണ്ടുപറഞ്ഞു:

“നിനക്ക് വല്യപ്പച്ചന്റെ ഒരനുഗ്രഹം കെടപ്പുണ്ട്, യൗസേഫിനെപ്പോലെയാകും നീ. നിന്റെ സഹോദരങ്ങൾ നിന്റെ കാല്ക്കൽ വരും, എന്റെ മക്കൾ ഒട്ടും വിഷമിക്കണ്ടാ, ആ പാറേക്കാരു പറഞ്ഞ കല്യാണം നമുക്കാലോചിക്കാം. ഒന്നും കൊടുക്കണ്ടാ. കല്യാണച്ചെലവിന് കാശവരു തരും, അണിയാൻ സ്വർണ്ണവും.

അപ്പൻ അമ്മയെ പറഞ്ഞേല്പിച്ചു: “എടീ, ആ പാറേക്കാരു പറഞ്ഞ കല്യാണം നമുക്കാലോചിക്കാം, ഞാൻ അത്രടംവരെയൊന്നു പോയേച്ചുവരാം. കല്യാണം വിളിക്കാൻ ചെന്നപ്പം ഞാനതേക്കുറിച്ചവരോടു ചോദിച്ചതാ, അവരുപറഞ്ഞു, വേറെ വല്ലോം ഒറപ്പിച്ചോന്ന് അറിയത്തില്ല. ആ ചെറുക്കനിപ്പം അമേരിക്കേലാന്ന്.

“അതു നടന്നുകിട്ടിയാ നല്ലതാ ഇച്ചാച്ചാ, അന്നു നമ്മളാ കല്യാണമൊറപ്പിച്ചിട്ടാ മത്യാരുന്നു. അന്നതിന് വില കല്പിക്കാഞ്ഞതിന്റെ മുറുമുറുപ്പവർക്കുണ്ട്. ചെറുക്കൻ ഇംഗ്ലണ്ടിന്റെ ഷിപ്പേന്നു മാറി, അമേരിക്കേലാ ഇപ്പം, ആ പയ്യനും അവന്റമ്മയ്ക്കും ലിസിമോളെ ഒരുപാടിഷ്ടമാരുന്നു.”

“അവളെ പിന്നെ ആരാ ഇഷ്ടപ്പെടാത്തേ? ആ പയ്യന്റെ ഫോട്ടോ നീ കണ്ടിട്ടുണ്ടോ? മിടുക്കനാണോടീ? എന്റെ പ്ലാനെല്ലാം മാറിപ്പോയി. ഞാനോർത്തത് കൈയിലുള്ളതെല്ലാം കൊടുത്ത് മൂത്തവളെ നല്ലരീതിയിൽ വിടാം, പിന്നെ റോയിച്ചെറുക്കന്റെ സ്ത്രീധനത്തൊകയെടുത്ത് തത്ക്കാലം മറിച്ച് ലിസിമോളെ ഒരു കരപറ്റിക്കാമെന്നാരുന്നു.”

“സാരമില്ലിച്ചാച്ചാ, പിള്ളേർക്ക് ഒരു ദോഷവും വരല്ലേ, മനസ്സീന്നാ സങ്കടമങ്ങു കള.”

അമ്മയ്ക്കു പേടിയാണ് ഇച്ചാച്ചൻ റോയിച്ചായനെ ശപിക്കുമോന്ന്.

മേഴ്സിയെയുംകൊണ്ട് തിരുവനന്തപുരത്തു പോകുകയാണ്, ജോയിച്ചനും ജാക്സണുംകൂടെ. ഫ്രഷപ്പോയിൻറ്മെന്റാണ്, രാവിലെ ജോയിൻ ചെയ്യണം.

ആരുടേം കണ്ണേറു കിട്ടാതിരിക്കാൻ അമ്മ പള്ളീലച്ചനെക്കൊണ്ട് വെഞ്ചരിപ്പിച്ച കൊന്തയും കുരിശും മേഴ്സിയുടെ കഴുത്തിലണിയിച്ചു.

ഗർഭകാല ശുശ്രൂഷയും അമ്മ നല്കിയ പ്രസവരക്ഷയും കൊണ്ട്, മേഴ്സി കൂടുതൽ വെളുത്തു തുടുത്ത് അതിസുന്ദരിയായി മാറിയിരിക്കുന്നു.

“എടീ ലിസീ, എന്റെ സാരിയെല്ലാം അവിടെയാ. നിനക്കു സാലമ്മ തന്ന ആ ക്ലിയോപാട്രാ സാരിയൊന്നു താടീ.”

‘‘മേഴ്സിമോളതുടുക്കണ്ടാ, അതാ പാവം വല്ല പള്ളീലുമുടുക്കട്ടേ, നിനക്കുതരാൻ ഭർത്താവുണ്ട്, ഇപ്പം ജോലിയുമായില്ലേ.” അമ്മയിടപെട്ടു.

‘‘അമ്മേ ഓഫീസിൽ പോകുമ്പം മാറിമാറിയുടുക്കാനേറെ സാരികളുവേണം. ഞാൻ തിരിച്ചുകൊടുത്തോളാം.”

“ആ എന്നാ നിങ്ങടെ യുക്തം പോലെ ചെയ്യ്, പോകുന്നവഴിക്ക് പള്ളീലൊന്നു കേറീട്ടുപോ, ഞാനവിടെ പോയി ഒത്തിരി കണ്ണീരുപൊഴിച്ചിട്ടു കിട്ടിയ ജോലിയാ.”

“ഇന്നാ ചേച്ചീ, ദാ സാലമ്മച്ചേച്ചി തന്ന രണ്ടു സാരികളുമുണ്ട്, രണ്ടും പുത്തനാ.

*ശേഷം 14-ാം പേജിൽ*





**ജൂലൈ 6**
**ശ്ലീഹാക്കാലം**
**അഞ്ചാം ഞായർ**

| | |
|---|---|
| നിയ | 1:33–46 |
| ഏശ | 1:21–31 |
| 1 കോറി | 14:1–12 |
| ലൂക്കാ | 12:22–34 |



# ദൈവകൃപയിൽ ആശ്രയിക്കുക



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

ശ്ലീഹാക്കാലം അഞ്ചാം ഞായറാഴ്ച വിശുദ്ധകുർബാനമധ്യേയുള്ള ദൈവവചനപ്രഘോഷണങ്ങൾ ദൈവപരിപാലനയിൽ ആശ്രയം വയ്ക്കുന്നവർക്കുള്ള അനുഗ്രഹവും ദൈവഹിതത്തിനെതിരായി പ്രവർത്തിക്കുന്നവരുടെ അനുഭവവുമാണു വിവരിക്കുന്നത്. നിയമാവർത്തനപ്പുസ്തകത്തിൽനിന്നുമുള്ള ഒന്നാമത്തെ പ്രഘോഷണത്തിന്റെ ആദ്യഭാഗത്ത് മോശ ഇസ്രയേൽജനത്തെ അനുസ്മരിപ്പിക്കുന്നത്, തങ്ങളുടെ മരുഭൂമിയാത്രയിൽ അവർ അനുഭവിച്ച ദൈവപരിപാലനയെയാണ്. ഇസ്രയേൽജനത്തിനു കൂടാരമടിക്കാനായി സ്ഥലമന്വേഷിച്ച് കർത്താവ് അവർക്കുമുമ്പേ നീങ്ങിയിരുന്നതായി അവർ അനുഭവിച്ചിരുന്നു. തങ്ങൾക്ക് ഉചിതമായ സ്ഥലങ്ങളിൽ കൂടാരമടിച്ചു വിശ്രമിക്കാൻ സാധിച്ചത് ദൈവത്തിന്റെ പരിപാലനമൂലമായിരുന്നു. അവിടുന്ന് മേഘംകൊണ്ട് പകൽസമയം അവർക്കു തണലേകുകയും അഗ്നികൊണ്ട് അവർക്കു രാത്രിയിൽ പ്രകാശമേകുകയും ചെയ്തിരുന്നു. എന്നാൽ, ദൈവപരിപാലനയിൽ ആശ്രയം വയ്ക്കാതെ തങ്ങളുടെതന്നെ ശക്തിയിൽ ശരണംവച്ചുകൊണ്ട് അവർ പ്രവർത്തിക്കുന്ന അവസരവും അവരുടെ യാത്രയിൽ ഉണ്ടായിട്ടുണ്ട്. ആ അവസരങ്ങളിൽ അവർ പരാജയപ്പടുകയും ദുരിതങ്ങളനുഭവിക്കുകയും ചെയ്തു. വാഗ്ദത്തനാട്ടിലേക്കു പ്രവേശിക്കുന്നതിനൊരുങ്ങുന്ന ജനതയ്ക്കു മോശ നല്കുന്ന ഉപദേശം ഏതു സാഹചര്യത്തിലും ദൈവികപരിപാലനയിൽ ശരണംവച്ചു ജീവിക്കണമെന്നതാണ്.

ഏശയ്യാപ്രവാചകനിലൂടെ ദൈവം ഇസ്രയേൽജനതയുടെ അഹങ്കാരത്തെയും വീഴ്ചയെയുമാണ് എടുത്തുകാണിക്കുന്നത്. നീതിയും ധർമവും കുടികൊണ്ടിരുന്ന നഗരം കൊലക്കളമായിമാറിയതും വിശ്വസ്തയായിരുന്ന നഗരം അവിശ്വസ്തയായി പെരുമാറുന്നതും ദൈവഭയം നഷ്ടപ്പെട്ടതുമൂലമാണ് എന്നു പ്രവാചകൻ ഓർമിപ്പിക്കുന്നു. ദൈവത്തിലാശ്രയിക്കുന്നതിനുപകരം കലഹപ്രിയരാകുകയും കള്ളന്മാരോടു കൂട്ടുകൂടുകയും ചെയ്യുന്നവരുടെ അവസ്ഥയാണ് പ്രവാചകൻ വരച്ചുകാട്ടുന്നത്. ആ അവസ്ഥയിൽ ഇസ്രയേലിന്റെ ശക്തനായവൻ സ്വർണം അഗ്നിയിലെന്നപോലെ ശുദ്ധീകരിച്ച് അവരെ വീണ്ടെടുക്കുമെന്നാണ് പ്രവാചകൻ പറയുന്നത്. നീതിയുടെ നഗരമെന്നും വിശ്വസ്തതയുടെ നഗരമെന്നും വീണ്ടും വിളിക്കപ്പെടുന്ന സമയം വീണ്ടെടുക്കപ്പെടും എന്നു പ്രവാചകൻ പറയുന്നു. ദൈവത്തിലാശ്രയിക്കാത്ത ബലവാൻ ചണനാരുപോലെയും അവന്റെ പ്രവൃത്തികൾ തീപ്പൊരിപോലെയും ആയിത്തീരും. ശമിപ്പിക്കാനാരുമില്ലാത്തവിധം തീവ്രമായിരിക്കും അവരുടെ അവസ്ഥ. കാരണം, അവർ ദൈവത്തിൽ ശരണം വയ്ക്കുന്നതിനുപകരം തങ്ങളുടെ ശക്തിയിൽതന്നെ ശരണം വയ്ക്കുകയും ദൈവത്തെ മറന്നു ജീവിക്കുകയും ചെയ്തു. പരിപാലിക്കുന്ന ദൈവം തെറ്റിൽനിന്നു തന്റെ ജനത്തെ വീണ്ടെടുക്കുന്നതിനുവേണ്ടി അതിനെ വിശുദ്ധീകരിക്കുന്നവനും കൂടുതൽ നന്മയ്ക്കുവേണ്ടി അഗ്നിയിലെന്നപോലെ പരിശോധിക്കുന്നവനും പരിരക്ഷിക്കുന്നവനുമാണ്. സഹനമെന്ന യാഥാർഥ്യംപോലും അവിടുത്തെ പരിപാലനയുടെ ഭാഗമായി കാണണമെന്നാണ് വചനം പഠിപ്പിക്കുന്നത്.

പൗലോസ്ശ്ലീഹാ ആദിമസഭയെ പ്രബോധിപ്പിക്കുന്നത് ആത്മീയവരങ്ങൾ സ്വീകരിച്ച് അതിൽ അഭിവൃദ്ധി പ്രാപിക്കുവാനാണ്. സഭയുടെ വളർച്ചയ്ക്ക് കൂടുതൽ വരങ്ങൾക്കായി ആഗ്രഹിക്കുകയും ഉത്സാഹിക്കുകയും ചെയ്യണമെന്ന് ശ്ലീഹാ പഠിപ്പിക്കുന്നു. മിശിഹാ തന്റെ ദൗത്യം തുടരുന്നതിനു സഭയെ സ്ഥാപിച്ചു. പരിശുദ്ധാരൂപിയെ നല്കി ഇന്നും സഭയെ അവിടുന്ന് പരിപാലിക്കുന്നു. പരിശുദ്ധാരൂപിയുടെ വരങ്ങളും ദാനങ്ങളും– ഭാഷാവരമായാലും പ്രവചനവരമായാലും വ്യാഖ്യാനവരമായാലും – സഭയുടെ നന്മയ്ക്കായും വളർച്ചയ്ക്കായും നാം ഉപയോഗിക്കണം.

ദൈവത്തിന്റെ പരിപാലനയെ ഉറപ്പുനല്കുന്ന വാക്കുകളാണ് സുവിശേഷത്തിൽ നാം ശ്രവിക്കുന്നത്. ആകുലതയെ അകറ്റിനിർത്താനും ദൈവപരിപാലനയിൽ ആശ്രയിക്കാനുമാണ് ഈശോ ആവശ്യപ്പെടുന്നത്. എത്രമാത്രം ബലവാനായാലും ആയുസ്സിന്റെ ദൈർഘ്യം ഒരു വിനാഴികപോലും ദീർഘിപ്പിക്കുന്നതിന് മനുഷ്യനു സാധിക്കുന്നില്ല. നിസ്സാരമായ ഇതുപോലും ചെയ്യാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ മറ്റുള്ളവയെപ്പറ്റി ഉത്കണ്ഠാകുലരാകുന്നതെന്തിന് എന്നാണു വചനം ചോദിക്കുന്നത്. എന്തു ഭക്ഷിക്കും എന്തു പാനം ചെയ്യും എന്നതിനെക്കുറിച്ചു നിങ്ങൾ ആകുലരാകേണ്ടാ; നിങ്ങൾക്ക് ഇവയെല്ലാം ആവശ്യമാണെന്നു നിങ്ങളുടെ പിതാവിന് അറിയാം എന്നു പറയുന്നതിലൂടെ ദൈവപരിപാലനയിൽ ശരണം വയ്ക്കാനാണ് സുവിശേഷകൻ ആവശ്യപ്പെടുന്നത്. എല്ലാം അറിയുന്നവനായ പിതാവിന്റെ മുമ്പിൽ സ്വയം സമർപ്പിക്കാൻ ഈശോ ആവശ്യപ്പെടുന്നു.

ഇന്ന്, സമൂഹവും സഭയും ലോകത്തു പലയിടങ്ങളിലും വിവിധ കാരണങ്ങളാൽ ഭീതിപ്പെടുത്തുന്നതും ആകുലതയ്ക്കു കാരണമാകാവുന്നതുമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുമ്പോൾ, അത് ഭീതിപ്പെടുത്തുന്ന യുദ്ധങ്ങളാകട്ടെ, ആകുലതയ്ക്കു കാരണമാകുന്ന സാംക്രമികരോഗങ്ങളാകട്ടെ, സങ്കടപ്പെടുത്തുന്ന ദുരന്തങ്ങളാകട്ടെ, എന്തുതന്നെയായാലും ദൈവവചനം നമ്മോടു പറയുന്നത്, ആകുലതയിലേക്കും നിരാശയിലേക്കും ഭീതിയിലേക്കും വീഴരുത്; മറിച്ച്, പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ചു പരിപാലിക്കുന്നവനായ ദൈവത്തിന്റെ പരിപാലനയിൽ ശരണംവയ്ക്കാനാണ്. നമ്മുടെ വിശ്വാസത്തെ അഗ്നിയിലെന്നപോലെ ശോധനചെയ്യുന്ന ഒരു അവസരമായി ഇതിനെ കാണാൻ നമുക്കു സാധിക്കണം. ഏശയ്യാപ്രവാചകൻ പറയുന്നു: "ചൂളയിൽ എന്നപോലെ ഉരുക്കി നിന്നെ ശുദ്ധിയാക്കും." ലോകത്തെ മുഴുവൻ ദൈവം ശുദ്ധീകരിക്കുന്ന ഒരു പ്രക്രിയ നടക്കുന്നു എന്ന ബോധ്യത്തോടെവേണം ഈ സാഹചര്യങ്ങളെ ദർശിക്കുവാനും. സീയോൻ നീതികൊണ്ടു വീണ്ടെടുക്കപ്പെടും എന്നു പ്രവാചകനിലൂടെ പറഞ്ഞതുപോലെ ഇപ്പോഴുള്ള സാഹചര്യത്തിൽനിന്നും ദൈവം നമ്മെയും ലോകത്തെയും വീണ്ടെടുക്കും എന്ന പ്രത്യാശയായിരിക്കണം നമ്മെ നയിക്കേണ്ടത്. അവിടുന്നാണ് ചരിത്രത്തെ നയിക്കുന്നത്. ഈ സാഹചര്യത്തിലും അവിടുന്ന് ലോകത്തെ നയിച്ച് ഈ കാലവും ചരിത്രത്തിന്റെ ഭാഗമാക്കി മാറ്റി നമ്മെ മുന്നോട്ടു നയിക്കും. ആ ദൈവപരിപാലനയിൽ നമുക്ക് ആശ്രയം വയ്ക്കാം. നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക; അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും (മത്താ 6:33).

> **പരിപാലിക്കുന്ന ദൈവം തെറ്റിൽനിന്നു തന്റെ ജനത്തെ വീണ്ടെടുക്കുന്നതിനുവേണ്ടി അതിനെ വിശുദ്ധീകരിക്കുന്നവനും കൂടുതൽ നന്മയ്ക്കുവേണ്ടി അഗ്നിയിലെന്നപോലെ പരിശോധിക്കുന്നവനും പരിരക്ഷിക്കുന്നവനുമാണ്. സഹനമെന്ന യാഥാർഥ്യംപോലും അവിടുത്തെ പരിപാലനയുടെ ഭാഗമായി കാണണമെന്നാണ് വചനം പഠിപ്പിക്കുന്നത്.**

# യുദ്ധം കൊണ്ട് നമുക്കെല്ലാം നഷ്ടമായേക്കാം:
## ലിയോ പതിന്നാലാമൻ പാപ്പാ



**ലോ**കത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന സായുധസംഘർഷങ്ങളും യുദ്ധങ്ങളും സഭയുടെ ഹൃദയത്തെ മുറിപ്പെടുത്തുന്നുണ്ടെന്നും, യുദ്ധങ്ങളെ സാധാരണസംഭവങ്ങളായി കണക്കാക്കുന്ന മനഃസ്ഥിതി അവസാനിക്കണമെന്നും ലിയോ പതിന്നാലാമൻ പാപ്പാ.

ജൂൺ 18 ബുധനാഴ്ച വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ അനുവദിച്ച പൊതുകൂടിക്കാഴ്ചയുടെ അവസരത്തിലാണ്, ലോകത്തിന്റെ വിവിധയിടങ്ങളിൽ നടന്നുവരുന്ന സംഘർഷങ്ങളെയും യുദ്ധങ്ങളെയും പാപ്പാ അപലപിച്ചത്.

രണ്ടാം ലോകമഹായുദ്ധകാലത്ത് പന്ത്രണ്ടാം പിയൂസ് പാപ്പാ പറഞ്ഞ, 'സമാധാനംകൊണ്ട് നമുക്കൊന്നും നഷ്ടമാകുന്നില്ല, എന്നാൽ യുദ്ധം കൊണ്ട് നമുക്കെല്ലാം നഷ്ടമായേക്കാം' എന്ന വാക്കുകൾ ആവർത്തിച്ചുകൊണ്ടാണ് ലിയോ പതിന്നാലാമൻ പാപ്പാ യുദ്ധമെന്ന തിന്മയ്ക്കെതിരെ മനുഷ്യമനഃസാക്ഷിയെ ഉദ്ബോധിപ്പിച്ചത്.

യുക്രെയ്ൻ, ഇറാൻ, ഇസ്രയേൽ, ഗാസാമുനമ്പ് തുടങ്ങി, യുദ്ധങ്ങൾ അരങ്ങേറുന്ന ലോകത്തിന്റെ വിവിധയിടങ്ങളിൽനിന്നുയരുന്ന വിലാപം സഭയുടെ ഹൃദയത്തെ മുറിവേൽപ്പിക്കുന്നുണ്ടെന്ന് പാപ്പാ പ്രസ്താവിച്ചു. യുദ്ധങ്ങളുമായി പൊരുത്തപ്പെട്ടുജീവിക്കുകയെന്ന പരിതാപകരമായ അവസ്ഥയെ പാപ്പാ അപലപിച്ചു. ശക്തവും സങ്കീർണവുമായ ആയുധങ്ങളോടുള്ള ആകർഷണത്തിൽപ്പെടരുതെന്ന് ഓർമിപ്പിച്ച പാപ്പാ, അത്തരം പ്രലോഭനങ്ങളെ തള്ളിക്കളയാൻ നമുക്കാകണമെന്ന് ആഹ്വാനം ചെയ്തു.

ഇക്കാലത്തെ യുദ്ധങ്ങളിൽ വിവിധ തരങ്ങളിലുള്ള ശാസ്ത്രസാങ്കേതിക വിദ്യകളടങ്ങിയ ആയുധങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുതന്നെ, മുൻകാലങ്ങളെക്കാൾ ഏറെ വലിയ ക്രൂരതയിലേക്കാണു നാം നയിക്കപ്പെടുന്നതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിലെ "ഗൗദിയും എത് സ്പേസ്" (n.79) ഉദ്ധരിച്ചുകൊണ്ട് പാപ്പാ പ്രസ്താവിച്ചു.

'യുദ്ധം എപ്പോഴും ഒരു പരാജയമാണെന്ന' ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ലിയോ പാപ്പാ ആവർത്തിച്ചു. മനുഷ്യാന്തസ്സിന്റെയും അന്താരാഷ്ട്രനിയമങ്ങളുടെയും പ്രാധാന്യം എടുത്തുപറഞ്ഞുകൊണ്ടാണ് പാപ്പാ ഇത്തരമൊരു പ്രസ്താവന ആവർത്തിച്ചത്.

ഇസ്രയേൽ - ഇറാൻ യുദ്ധം പുതിയ തലത്തിലേക്കു നീങ്ങുന്നതിന്റെയും, ഗാസാപ്രദേശത്തെ ആക്രമണങ്ങളും, യുക്രെയ്നിലെ റഷ്യൻആക്രമണവും ശക്തമായി തുടരുന്നതിന്റെയും പശ്ചാത്തലത്തിലാണ് പാപ്പാ സമാധാനത്തിന്റെയും, യുദ്ധങ്ങളും സംഘർഷങ്ങളും അവസാനിപ്പിക്കേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ചു ലോകത്തെ ഓർമിപ്പിച്ചത്.

# വിശ്വാസികൾക്ക് ഉണർവേകി 75 കാർക്ക് ആദരം



പാലാ രൂപതയുടെ ജനനവർഷം ഭൂജാതരായ രൂപതാംഗങ്ങളുടെ സംഗമമായ 'ലിഫ്ഗോഷ് 75' വിശ്വാസികൾക്ക് ആത്മീയ ഉണർവേകുന്നതായി. പാലാ ളാലം പഴയ പള്ളി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ, രൂപതയുടെ പാരമ്പര്യവും സംസ്കാരവും ആർജിച്ചു വളർന്ന നൂറുകണക്കിനു വയോജനങ്ങളെ ആദരിച്ചു. രൂപതയുടെ ആത്മീയഭൗതികവളർച്ചയിൽ സാക്ഷ്യംവഹിക്കുകയും ആതുരവിദ്യാഭ്യാസവികസനമേഖലകളിലെ നേട്ടങ്ങളിൽ അഭിമാനിക്കുകയും ചെയ്യുന്ന വയോജനങ്ങളാണ് സമ്മേളനത്തിൽ ഒത്തുചേർന്നത്.

തങ്ങളുടെയും കുടുംബാംഗങ്ങളുടെയും വളർച്ചയിൽ രൂപത വഹിച്ച പങ്കിനു നന്ദിയർപ്പിക്കാനുള്ള അവസരമായാണ് രൂപതാംഗങ്ങൾ വയോജനസംഗമത്തെ കണ്ടത്. എല്ലാ ഇടവകകളുടെയും സഹകരണം ഇതിലുണ്ടായിരുന്നു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റും മാതൃവേദി, പിതൃവേദി, പ്രോലൈഫ് സമിതികളും ചേർന്നാണു ചടങ്ങു സംഘടിപ്പിച്ചത്.

രൂപതാധ്യക്ഷന്റെ കൈയൊപ്പു പതിഞ്ഞ കപ്പും ഭാരതത്തിലെ ആദ്യവിശുദ്ധയായ അൽഫോൻസാമ്മയുടെ കവർചിത്രമടങ്ങിയ കൊന്തയും സമ്മേളനത്തിനെത്തിയവർ ഏറ്റുവാങ്ങി.

പാലാ രൂപതയോടൊപ്പം പിറന്ന ആളുകളുടെ ഒത്തുചേരൽ ദൈവപരിപാലനയുടെ അനാവരണമാണെന്നും സ്വത്വബോധവും സ്വന്തമെന്ന ബോധവും വളർത്താൻ ഇത്തരം കൂട്ടായ്മകൾ ഉതകുമെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു.

ഇഴയടുപ്പത്തിന്റെ വേദിയാണിത്. അറിവുകൊണ്ടും ആത്മീയതകൊണ്ടും പാകപ്പെട്ടവരാണ് ഇവിടെ കൂടിയിരിക്കുന്നവർ. നാം പഠിച്ചത് വിശാലസമൂഹത്തിനുവേണ്ടിയാണ്. പാടശേഖരമായ ഈ കൂട്ടായ്മയിലെ അംഗങ്ങൾ വിതച്ചത് മക്കളും കൊച്ചുമക്കളും കൊയ്തെടുക്കുന്നു. വിളവെടുപ്പുകാലമാണിത്. ആത്മീയബലം നഷ്ടപ്പെടരുതെന്നും സമൂഹത്തിൽ നന്മ ചെയ്യാൻ മുന്നിട്ടിറങ്ങണമെന്നും ബിഷപ് ഉദ്ബോധിപ്പിച്ചു. മാതൃകാകുടുംബത്തിലെ അപ്പന്റെ റോൾ അമ്മയോടു ചേർന്ന് മക്കൾക്കും കുടുംബത്തിനും എല്ലാം ചെയ്തുകൊടുക്കുകയെന്നതാണ്. സഭയോടും സഭാസംവിധാനങ്ങളോടും യോജിച്ചുനിൽക്കാനുള്ള ഉത്തരവാദിത്വം വർധിച്ചുവരുന്ന കാലഘട്ടമാണെന്നും ബിഷപ് പറഞ്ഞു. കുടുംബചരിത്രങ്ങൾ എഴുതണമെന്നും ഇതു സഭയുടെ സ്വത്താണെന്നും ഉറവിടങ്ങളിലേക്കുള്ള തിരിഞ്ഞുനോട്ടം നമ്മെ വളർത്തുമെന്നും ബിഷപ് കൂട്ടിച്ചേർത്തു.

എഴുപത്തിയഞ്ചാം വയസ്സിലെത്തിയ ഫാ. ജോസ് കോട്ടയിൽ, ഫാ. ജോസഫ് വടകര, ഫാ. ജോൺ പൊതീട്ടേൽ എന്നീ വൈദികരും 26 സന്ന്യസ്തരും നൂറുകണക്കിന് അല്മായരും ആദരവ് ഏറ്റുവാങ്ങാനെത്തിയിരുന്നു.

സംഘടനാപ്രതിനിധികളായ ടോമി തുരുത്തിക്കര, മാത്യു പൈലോ, ബിൻസ് ജോസ് തൊടുകയിൽ, ജോസുകുട്ടി ജോസഫ് അറയ്ക്കപ്പറമ്പിൽ, ഡോ. ഫെലിക്സ് വെട്ടുകാട്ടിൽ, സബീന സക്കറിയാസ് മഠത്തിപ്പറമ്പിൽ, മേഴ്സി മാണി ചെറുകര, ലൗലി ബിനു വള്ളോംപുരയിടത്തിൽ, ഡയാന രാജു ഓലിക്കൽ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

# ജനിക്കാനുള്ള അവകാശം നിഷേധിക്കുന്ന ബ്രിട്ടീഷ് പാർലമെന്റ് നിയമഭേദഗതി നടപ്പാക്കരുത്

കൊച്ചി: മനുഷ്യജീവന്റെ മഹത്ത്വത്തെ മാനിക്കാത്തതും ജീവന്റെ സംസ്കാരത്തെ വെല്ലുവിളിക്കുന്നതുമായ ബ്രിട്ടീഷ് പാർലമെന്റിന്റെ നിയമഭേദഗതിയിൽ പ്രൊ ലൈഫ് ഗ്ലോബൽ ഫെലോഷിപ്പ് പ്രതിഷേധിച്ചു. പുതിയ നിയമം നടപ്പാക്കരുതെന്ന് സമിതി ആവശ്യപ്പെട്ടു.

കുഞ്ഞു ജനിക്കുന്നതിനു തൊട്ടുമുമ്പുവരെ സ്ത്രീകൾക്ക് ഗർഭച്ഛിദ്രം അനുവദിക്കുന്ന നിയമനിർമാണം ബ്രിട്ടീഷ്ചരിത്രത്തിലെ ഏറ്റവും നീചമായ നീക്കമായി പ്രൊ ലൈഫ് പ്രവർത്തകർ വിശേഷിപ്പിക്കുന്നു. ഉദരത്തിൽ വളരുന്ന കുഞ്ഞിനെ ഗർഭം അലസിപ്പിച്ച് ഏതുവിധത്തിലും കൊല്ലുന്നത് കുറ്റമല്ലാതാക്കിക്കൊണ്ടുള്ള നിയമഭേദഗതിക്കാണ് ബ്രിട്ടീഷ്പാർലമെന്റ് കഴിഞ്ഞദിവസം അനുമതി നൽകിയത്.

'ഏതൊരു കാരണത്താലും, പ്രസവിക്കുന്നതുവരെയുള്ള ഗർഭധാരണത്തിന്റെ ഏതു സമയഘട്ടത്തിലും അബോർഷൻ അനുവദിക്കുന്ന നിയമം' പൈശാചികവും ക്രൂരവും മനുഷ്യസമൂഹത്തോടുള്ള വെല്ലുവിളിയുമാണെന്ന് പ്രൊലൈഫ് ഗ്ലോബൽ ഫെലോഷിപ്പ് ചെയർമാൻ സാബു ജോസ് പറഞ്ഞു. ജനപ്രതിനിധിസഭയിൽ 137 ന് എതിരെ 379 വോട്ടുകൾക്കു ബിൽ പാസായിയെന്നത് ലോകം ഞെട്ടലോടെയാണു വീക്ഷിക്കുന്നത്. സ്ത്രീസ്വാതന്ത്ര്യത്തിന്റെപേരിൽ അബോർഷനുവേണ്ടി വാദിക്കുന്നവർ സ്ത്രീപുരുഷബന്ധത്തിലൂടെ ഉദരത്തിൽ രൂപംകൊണ്ട മനുഷ്യവ്യക്തിയെ വേണ്ടെന്നുവയ്ക്കാനും ക്രൂരമായി കൊല്ലാനും ഏകപക്ഷീയമായി തീരുമാനിക്കാൻ കുഞ്ഞിന്റെ അമ്മയ്ക്ക് അനുമതി ആവശ്യപ്പെടുന്നതും അനുവാദം നൽകുന്നതും മരണസംസ്കാരത്തിന്റെ വക്താക്കളാണെന്നും സാബു ജോസ് പറഞ്ഞു.

ബ്രിട്ടീഷ് പാർലമെന്റിന്റെ ജീവൻവിരുദ്ധവാർത്തകൾക്കു പ്രാധാന്യം നല്കരുതെന്നു മാത്രമല്ല, ലോകവ്യാപകമായി ശക്തമായ പ്രതിഷേധം ഉയരണമെന്നും അദ്ദേഹം പറഞ്ഞു. ബ്രിട്ടീഷ് നിയമത്തിന്റെ ചുവടുപിടിച്ച് മറ്റു രാജ്യങ്ങളിൽ ഇത്തരം കാടത്ത നിയമം രൂപംകൊള്ളാതെ ജാഗ്രതപുലർത്താനും മനുഷ്യസ്നേഹികൾ മുന്നോട്ടുവരണമെന്നും അദ്ദേഹം പ്രസ്താവനയിൽ വ്യക്തമാക്കി.

# അഡാർട്ട് അവാർഡുതിളക്കത്തിൽ

പാലാ: മികച്ച ലഹരിവിരുദ്ധപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള സ്ഥാപനങ്ങൾക്കുള്ള കരുണാസായി ബ്ലൂ റിബൺ പ്രഥമപുരസ്കാരം പാലാ അഡാർട്ടിനു ലഭിച്ചു. 26 ന് തിരുവനന്തപുരത്തു നടക്കുന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും. ഫലകം, സർട്ടിഫിക്കറ്റ്, കാഷ് പ്രൈസ് എന്നിവ അടങ്ങുന്നതാണു പുരസ്കാരം.

# കൗൺസലിങ് സൈക്കോളജി കോഴ്സ്

ചങ്ങനാശ്ശേരി: സംസ്ഥാനസർക്കാരിന്റെ കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ചങ്ങനാശ്ശേരി പഠനകേന്ദ്രത്തിൽ നടത്തുന്ന, ഡിപ്ലോമ ഇൻ കൗൺസലിങ് സൈക്കോളജി (DCP), സർട്ടിഫിക്കറ്റ് ഇൻ കൗൺസലിങ് സൈക്കോളജി (CCP) കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷിക്കാം.

ആറുമാസത്തെ ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സിന് പ്ലസ് ടു ആണ് അടിസ്ഥാനയോഗ്യത. കോഴ്സ് വിജയിച്ച ബിരുദധാരികൾക്ക് ലാറ്ററൽ എൻട്രി വഴി ആറുമാസംകൊണ്ട് ഡിപ്ലോമ ഇൻ കൗൺസലിങ് സൈക്കോളജി പഠനം പൂർത്തിയാക്കാം. https://app.srcc.in/registrar എന്ന ലിങ്കിലൂടെ ജൂൺ 30നു മുമ്പ് അപേക്ഷ ഓൺലൈനായി സമർപ്പിക്കണം. വിവരങ്ങൾക്ക്: www.srcc.in ഫോൺ: 7907260073, 9497216019.

Deepanalam Weekly
RNI No : 16998/68
Vol. 58 No. 17 Date of Publication 26 June 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org